# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.ടി.എം.പി9/1292/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 10/10/2025
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി9/1292/2025 തീയ്യതി: 10/10/2025

## കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുരേഷ്. എസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-07-2025 | 01-08-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-07-2025 | 01-08-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഇന്ദുലേഖ. എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
സ്മിത ജി. നായർ, ഓഡിറ്റ് ഓഫീസർ
സാറാമ്മ ജോൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഉണ്ണികൃഷ്ണൻ. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
സിനിമോൾ ഏബ്രഹാം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജയൻ. കെ. മേനോൻ | പ്രസിഡന്റ് | 01-04-2024 | 26-12-2024 |
| അനീഷ് കുമാർ. ഓ. എസ് | പ്രസിഡന്റ് | 17-01-2025 | 31-03-2025 |
| മനു .കെ. കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 28-04-2024 |
| രാജശ്രീ റ്റി. ആർ | സെക്രട്ടറി | 29-04-2024 | 31-03-2025 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മനു .കെ. കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| അഹന മനോഹർ | അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) | 01-04-2024 | 20-08-2024 |
| പ്രിയ മേരി ഫിലിപ്പ് | അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) | 21-08-2024 | 17-09-2024 |
| മാർട്ടിൻ ചാൾസ് | അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) | 18-09-2024 | 31-03-2025 |
| ഡോ. രാജേഷ്. എസ് | മെഡിക്കൽ ഓഫീസർ (എഫ്. എച്ച്. സി) | 01-04-2024 | 31-03-2025 |
| ഡോ. ശ്രീദേവി. കെ. ജി | മെഡിക്കൽ ഓഫീസർ (ഗവ. ആയുർവേദ ഡിസ്പൻസറി) | 01-04-2024 | 31-03-2025 |
| ഡോ. ഗീത മാത്യു | മെഡിക്കൽ ഓഫീസർ (ഗവ. ഹോമിയോ ഡിസ്പൻസറി) | 01-04-2024 | 31-03-2025 |
| നാസ്ലിയ സത്താർ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ദിവ്യമോൾ തോമസ് | വെറ്ററിനറി സർജ്ജൻ | 01-04-2024 | 24-06-2024 |
| ഡോ. ഹസീന. കെ. എച്ച് | വെറ്ററിനറി സർജ്ജൻ | 25-06-2024 | 20-12-2024 |
| ഡോ. സ്മിത. ആർ. പിള്ള | വെറ്ററിനറി സർജ്ജൻ | 21-12-2024 | 18-02-2025 |
| ഡോ. ദിവ്യമോൾ തോമസ് | വെറ്ററിനറി സർജ്ജൻ | 19-02-2025 | 31-03-2025 |
| ശ്രുതി. ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെങ്ങളം സർക്കിൾ | 01-04-2024 | 19-11-2024 |
| പ്രഫുല്ല ദിനേശ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെങ്ങളം സർക്കിൾ | 20-11-2024 | 31-03-2025 |
| ശ്രുതി. ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -ഇൻ-ചാർജ്ജ്, തിരുവാർപ്പ് സർക്കിൾ | 01-04-2024 | 09-09-2024 |
| സജിത്. കെ. ഇബ്രാഹിം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തിരുവാർപ്പ് സർക്കിൾ | 10-09-2024 | 31-03-2025 |
| റൈഹാനത്ത് ബീവി | ഐ. സി. ഡി. എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| അഞ്ജന. സി. വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ബ്ലെസ്സി ജോഷി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫിസർ | 01-04-2024 | 31-03-2025 |
| രാജി. കെ. തങ്കപ്പൻ | ഹെഡ്മിസ്ട്രസ്സ് , ഗവ. യു.പി.എസ്., കിളിരൂർ | 01-04-2024 | 31-03-2025 |

27-12-2024 മുതൽ 16-01-2025 വരെയുള്ള കാലയളവിൽ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ & വാർഡ്- XVIII (ചെങ്ങളം വായനശാല) മെമ്പർ, സി. റ്റി. രാജേഷിന്, പ്രസിഡന്റിന്റെ അധിക ചുമതല.

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25 | 1-1 |
| 2 | ഗ്രാമപഞ്ചായത്തിന്‍റെ ആകെ ജനറൽ ഫണ്ടിന്‍റെ കൃത്യത വ്യക്തമല്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-3 |
| 5 | 31/03/2025 വരെയുള്ള ചെലവുകൾ 2024-25 വർഷം Payable ആയി അക്കൗണ്ട് ചെയ്തില്ല | 1-1-4 |
| 6 | ബജറ്റ്-വിശകലനം | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഗ്രാന്‍റ് വിനിയോഗം | 1-4 |
| 9 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 11 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്‍റെ വിവരം | 1-10 |
| 15 | പലിശരഹിത തനത്ഫണ്ട് അക്കൗണ്ടുകളിൽ വൻ തുക ശേഷിക്കുന്നു | 1-11 |
| 16 | DSHJ കോൺവെന്‍റ് സ്കൂൾ, കിളിരൂർ - വകുപ്പ് 207 ന്‍റെ പരിധിയിൽ ഉൾപ്പെടുത്തി വസ്തു നികുതി ഒഴിവാക്കി നൽകി | 1-12 |
| 17 | വസ്തു നികുതി - തറ നിർമ്മിതിയിൽ വ്യക്തത വരുത്തേണ്ടതാണ് | 1-13 |
| 18 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്‍റെ വസ്തുനികുതി ഈടാക്കിയില്ല | 1-14 |
| 19 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ വസ്തു നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നില്ല | 1-15 |
| 20 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-16 |
| 21 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-17 |
| 22 | ലൈസൻസ്--അപാകതകൾ | 1-18 |
| 23 | ഇ-ടെണ്ടർ ഫോറവില -പഞ്ചായത്തിന്‍റെ അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല | 1-19 |
| 24 | വിവിധ തീയതികളിലെ കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കിയതിന്‍റെ വിശദാംശങ്ങൾ ലഭ്യമായില്ല | 1-20 |
| 25 | വെള്ളക്കരം അടവാക്കൽ - വിവരങ്ങൾ ലഭ്യമാക്കുന്നത് | 1-21 |
| 26 | തെളിനീരൊഴുകും നവകേരളം-പ്രോജക്റ്റ് നിർവ്വഹണ പുരോഗതി വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-22 |
| 27 | മലരിക്കൽ വില്ലേജ് ടൂറിസം - ഗ്രാമ പഞ്ചായത്തിന്‍റെ അനിവാര്യ ചുമതലകൾ ഏറ്റെടുക്കുന്നില്ല | 1-23 |
| 28 | വാർഡ് 8 - ലെ അങ്കണവാടി കെട്ടിട നിർമ്മാണം - തുടർപ്രവർത്തനങ്ങൾക്ക് കാലതാമസം | 1-24 |
| 29 | അങ്കണവാടികൾക്ക് സോളാർപാനൽ സ്ഥാപിക്കൽ - പാനൽ പൂർണ്ണമായും സ്ഥാപിച്ചിട്ടില്ല | 1-25 |
| 30 | ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിയ്ക്കൽ -പ്രോജക്റ്റ് നിർവ്വഹിച്ചിട്ടില്ല. | 1-26 |
| 31 | കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച പഠനറിപ്പോർട്ട് പ്രകാരമുള്ള തുടർപ്രവർത്തനങ്ങൾ- വാങ്ങിയ ബേർഡ് ഫീഡർ വിതരണം ചെയ്തിട്ടില്ല | 1-27 |
| 32 | തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തൽ- മുൻകൂർ കൈപ്പറ്റിയിട്ടും നിർവ്വഹണം ആരംഭിച്ചിട്ടില്ല | 1-28 |

| | | |
|---|---|---|
| 33 | പുല്ലുവെട്ട് യന്ത്രം വാങ്ങൽ - യന്ത്രം നാളിതുവരെ ഉപയോഗിച്ചിട്ടില്ല | 1-29 |
| 34 | വയോ ക്ളബ് -പന്ത്രണ്ടിന പരിപാടി - കെയർ ഗിവർക്ക് ഹോണറേറിയം നൽകിയതിന് പൂർണമായും വികസനഫണ്ട് ചെലഴിച്ചു | 1-30 |
| 35 | കരാർ പ്രകാരമുള്ള അളവിൽ പ്രവൃത്തി നടപ്പാക്കിയില്ല- പാർട്ട് ബിൽ നൽകിയ പ്രോജക്ടിന്റെ പെർഫോർമൻസ് ഗ്യാരണ്ടി തിരികെ നൽകി | 1-31 |
| 36 | കുട്ടികൾക്ക് പഠനമുറി - സ്പിൽ ഓവറായി പ്രോജക്ട് ഏറ്റെടുത്തിട്ടും നിർമ്മാണ പ്രവൃത്തി ആരംഭിച്ചില്ല | 1-32 |
| 37 | ഭിന്നശേഷിയുള്ളവരും എന്നാൽ വിദ്യാർത്ഥികൾ അല്ലാത്തവരുമായ ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പും ബത്തയും നൽകി | 1-33 |
| 38 | കടിയക്കോൽ മിഠാവലി പാടശേഖരത്തേയ്ക്കുള്ള തോട് നവീകരണവും കലുങ്ക് നിർമ്മാണവും - നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-34 |
| 39 | ബയോബിൻ വിതരണ പദ്ധതി - ആസൂത്രണ/ നിർവ്വഹണ ഘട്ടത്തിലെ കാലതാമസം - പദ്ധതി സ്പിൽ ഓവറായി ഏറ്റെടുക്കുന്നു | 1-35 |
| 40 | പഞ്ചായത്തിന് പൊതു കളിസ്ഥലം നിർമ്മാണം- ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല | 1-36 |
| 41 | ഉപകരണങ്ങൾ വാങ്ങിയിട്ടും വനിതാ വെൽനെസ്സ് സെന്റർ- പ്രവർത്തനം ആരംഭിച്ചില്ല | 1-37 |
| 42 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം ആരംഭിച്ചില്ല | 1-38 |
| 43 | ഒരു വർഷം ഒരു ലക്ഷം തൊഴിൽ പദ്ധതി - ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിൽ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടില്ല | 1-39 |
| 44 | ഗ്രാമപത്രം പ്രസിദ്ധീകരണം- വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചു | 1-40 |
| 45 | മരാമത്ത് പ്രവൃത്തികളുടെ ഇൻഷുറൻസ് രേഖകൾ ഹാജരാക്കിയില്ല | 1-41 |
| 46 | കുട്ടികൾക്ക് ദുരന്ത നിവാരണ പരിശീലനവും നീന്തൽ പരിശീലനവും - നടപടിക്രമങ്ങൾ പാലിച്ചില്ല | 1-42 |
| 47 | ബാലസഭ- നിർവ്വഹണത്തിലെ അപാകതൾ | 1-43 |
| 48 | ഗ്രാമ പഞ്ചായത്ത് കൗൺസിൽ ഹാൾ നവീകരണം- അപാകതകൾ പരിഹരിയ്ക്കുന്നതിൽ കാലതാമസം | 1-44 |
| 49 | ലൈഫ് ഭവന പദ്ധതി - നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-45 |
| 50 | നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല. | 1-46 |
| 51 | ജൽജീവൻ മിഷൻ പദ്ധതി അവലോകനം | 1-47 |
| 52 | ആരോഗ്യ ഗ്രാന്റ് വിനിയോഗം | 1-48 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ്പ് പ്രീമിയം -ഈടാക്കൽ ഒടുക്ക് വിശദാംശങ്ങൾ | 4-1 |
| 2 | വാർഷികധനകാര്യപത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |

| | | |
|---|---|---|
| 10 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25

**തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ** 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14/05/2025തീയതിയിലെ 3(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 22/05/2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

| | |
|---|---|
| **തീയതി : 10-10-2025** | **ഡെപ്യൂട്ടി ഡയറക്ടർ** |

## 1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല

31-3-25 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ (OBRP Data) സൂക്ഷിച്ചിട്ടില്ല. 31.03.2025 വരെയുള്ള ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വിശദാംശം തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

2024-25 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ്, ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശങ്ങൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-1-3 ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ(എം.എസ്)നം.152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. പഞ്ചായത്തിന്റെ ആസ്തി വിവരങ്ങൾ ക്രോഡീകരിച്ച് ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-1-4 31/03/2025 വരെയുള്ള ചെലവുകൾ 2024-25 വർഷം Payable ആയി അക്കൗണ്ട് ചെയ്തില്ല

ജനപ്രതിനിധികളുടെ മാർച്ച്-2025 ലെ ഹോണറേറിയം, 31/03/2025 വരെയുള്ള കണ്ടിജന്റ് ചെലവുകൾ (ഉദാ: ഇലക്ട്രിസിറ്റി-വാട്ടർ ചാർജുകൾ) എന്നിവ 2024-25 ൽ Payable ആയി ക്രമീകരിച്ച് അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം സാമ്പത്തിക വർഷ കാലയളവിലെ ചെലവുകൾ എല്ലാം വർഷാവസാനവും Payable ആയി ക്രമീകരിക്കേണ്ടതായിരുന്നു. തുടർവർഷം മുതൽ സാമ്പത്തിക വാർഷാവസാനം വരെയുള്ള ചെലവുകൾ Payable ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്.

## 1-2 ബജറ്റ്-വിശകലനം

2024-25 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 12/02/2024ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 24/02/2025 ലെ 4(1) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

| | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |
| മുന്നിരിപ്പ് | 2,76,93,532 | 2,31,64,089 |
| വരവ് | 32,86,80,600 | 34,15,58,400 |
| ആകെ | 35,63,74,132 | 36,47,22,489 |
| ചെലവ് | 34,95,52,000 | 35,86,52,589 |
| നീക്കിയിരിപ്പ് | 68,22,132 | 60,69,900 |

പുതുക്കിയ ബജറ്റ് പ്രകാരം 34.15 കോടി രൂപ വരവും 35.86 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2024-25 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 23.34 കോടി രൂപയും ചെലവ് 2.50 കോടി രൂപയുമാണുള്ളത്. ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായി ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

**തിരുവാർപ്പ്** ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികകളിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

**റസീപ്റ്റ് & പേമെന്റ് പത്രിക 2024-25**

| | |
|---|---|
| മുന്നിരിപ്പ് | 3,43,42,028 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,09,91,558 |
| ആകെ | 9,53,33,586 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,59,91,002 |
| നീക്കിയിരിപ്പ് | 2,93,42,584 |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2024-25**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 23,33,57,901 |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 24,50,28,122 |
| പ്രവർത്തന നഷ്ടം (Gross Deficit) | (-1,16,70,221) |
| ആകെ മുൻകാല അക്കൗണ്ടിങ് ക്രമീകരണം | 2,49,64,411 |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | (-1,32,94,190) |

**2024-25 ഓഡിറ്റ് സംക്ഷിപ്തം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 83,74,983/- |

## 1-4 ഗ്രാന്റ് വിനിയോഗം

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | -- | 29035000 | 29035000 | 28150192 | 884808 | 97 |
| വികസന ഫണ്ട്-SCP | -- | 5030000 | 5030000 | 5010965 | 19035 | 99.6 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 2116180 | 11346977 | 13463157 | **8020981** | @5442176 | 59.58 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 2013738 | **4899071 + 447966(In) =5347037** | 7360775 | 3150943 | $4209832 | 43 |
| മെയിന്റനൻസ് ഗ്രാന്റ്- Road | --- | 22337000 | 22337000 | 17859231 | 4477769 | 80 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | --- | 6431000 | 6431000 | 6431000 | -- | 100 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) | 829173 | 439122 | 1268295 | 804134 | 464161 | 64 |
| ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്ററ്സ്) | 370454 | 663994 | 1034448 | 214713 | #819735 | 21 |
| ഐ.സി.ഡി.എസ് | 1069498 | 2048776 | 3118274 | 1427455 | 1690819 | 46 |
| ലൈഫ്- സംസ്ഥാന വിഹിതം | 2140000 | 1440000 | 3580000 | 3300000 | *280000 | 92 |
| സമ്പൂർണ്ണ ശുചിത്വം | 39575 | 1083 | 40658 | -- | 40658 | -- |
| എസ് എസ് എ | 207133 | 6163 | 213296 | - | 213296 | --- |

@ട്രഷറിയിൽ വരവായി ലഭിച്ച 680477 ഉൾപ്പെടെയുള്ള തുകയാണ് 5442176. ട്രഷറി വരവ് ചെലവഴിക്കാത്തതിനാൽ തിരികെ എടുത്ത B4-പട്ടിക പ്രകാരം നീക്കിയിരിപ്പിൽ 27,980/- രൂപ കുറവാണ്.

$യഥാർത്ഥത്തിൽ അവശേഷിക്കുന്ന 4209832 ൽ 6603 ട്രഷറി വരവ് തിരികെ പോയതാണ് 6603 കിഴിച്ചുള്ള 4203229 ൽ വാർഷികകണക്കിലെ B4 പട്ടിക പ്രകാരം അവശേഷിയ്ക്കുന്നത് 4088211/- രൂപയാണ്. 115018/-രൂപ മുൻവർഷ ജി.എസ്.റ്റി.യും, മറ്റു ഡിഡക്ഷനുകളും വർക്ക് ബില്ലിൽ നിന്നും സർക്കാരിലേയ്ക്ക് അടവാക്കിയതാണ്.

# വാർഷികകണക്കിലെ B4 പട്ടിക പ്രകാരം അവശേഷിയ്ക്കുന്നത് 671603/-രൂപയാണ്. 148132 ക്യപിറ്റൽ എക്സ്പെൻഡിച്ചർ ആയിരുന്നു.

* വാർഷികകണക്കിലെ B4 പട്ടിക പ്രകാരം അവശേഷിയ്ക്കുന്നത് 440000/-രൂപയാണ്. 160000/-ലോണിൻ നിന്നും ചെലവഴിക്കേണ്ട തുക സംസ്ഥാന വിഹിതത്തിൽ നിന്നും ചെലവഴിച്ചു. പ്രസ്തുത തുക ഈ വർഷം ലോണിൽ നിന്നും ക്രമീകരിച്ചു.

1) വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി, വിഹിതങ്ങളിൽനിന്ന് യഥാക്രമം 2518448 രൂപ, 41729 രൂപ, KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം (1270200/-) ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

2) ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ വിനിമയം ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം-2) നൽകിയിരിക്കുന്നത്.

## 1-5 വാർഷിക പദ്ധതി അവലോകനം

**തിരുവാർപ്പ്** ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25) ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം.83898/24/DPC/DPO/KTM തീയതി 21/03/2025 പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി/ കമ്മറ്റി തീരുമാനം |
|---|---|
| ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചത് | 1(2) Dtd 29/11/2023<br>Dtd 29/11/2023 |
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 1(4) 29/11/2023 |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി | 29/11/2023 |
| കരട് പദ്ധതി രേഖ അംഗീകരിച്ചത് | 1(1) 19/01/2024 |
| ഗുണഭോക്തൃ തെരഞ്ഞെടുപ്പ് | 1(3)10/07/2024 |
| വികസനസെമിനാർ | 1(6) 29/11/2023<br>05/01/2024 |
| ഗുണഭോക്തൃ പട്ടിക അന്തിമ അംഗീകാരം | 1(1) 23/09/2024 |

2024-25 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 15 | 9437797 | 9298117 | 99 |
| വെറ്ററിനറി സർജൻ | 5 | 5 | 933000 | 924046 | 99 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 13 | 11 | 4626412 | 3448006 | 75 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 240000 | 240000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 4 | 4 | 1338990 | 1338990 | 100 |
| വി.ഇ.ഒ | 24 | 20 | 74286690 | 20149564 | 28 |
| ഐ.സി.ഡി.എസ് -സൂപ്പർവൈസർ | 26 | 22 | 10372149 | 7012219 | 68 |
| സെക്രട്ടറി | 70 | 50 | 27128100 | 17121676 | 64 |
| ഹെഡ്മിസ്ട്രസ് | 10 | 10 | 1460828 | 1426528 | 98 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 113 | 72 | 48871790 | 29972934 | 62 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 266950 | 168475 | 64 |
| അസിസ്റ്റൻറ് സെക്രട്ടറി | 36 | 28 | 4166977 | 2499150 | 60 |
| ഫിഷറീസ് ഇൻസ് പെക്ടർ | 2 | 2 | 110500 | 108000 | 98 |
| ആകെ | **322** | **243** | **183240183** | **93707705** | **66** |

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 13 നിർവ്വഹണോദ്യോഗസ്ഥരാണ്. **183240183/-**രൂപ വകയിരുത്തിയതിൽ **93707705** രൂപയാണ് ചെലവഴിക്കാനായത്. ഓഡിറ്റു വർഷത്തെ ആകെ ചെലവിൽ 49 ലക്ഷം രൂപ ക്യൂ ബില്ലിൽ ഉൾപ്പെട്ടതായിരുന്നു. അസിസ്റ്റൻറ് എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 113 പ്രോജക്ടുകളിൽ 72 എണ്ണം പൂർത്തിയാക്കി ബിൽ മാറിയിട്ടുണ്ട്. 55 പ്രോജക്ടുകളും സ്പിൽ ഓവർ ആയിരുന്നു. അസിസ്റ്റൻറ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്ടുകൾക്കായി 2.99 കോടി രൂപ ചെലവഴിച്ചു.

മെയിന്റനൻസ് ഗ്രാൻറ് റോഡ് ഫണ്ടിൽ മൂന്ന് ഗഡു ഓഡിറ്റു വർഷം അനുവദിച്ചിരുന്നു. അനുവദിച്ച തുകയിൽ 1.79 കോടി ചെലവഴിക്കാൻ കഴിഞ്ഞു.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വർഷമായ 2024-25 ൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ മുഖാന്തിരം ചർച്ചകൾ നടത്തുകയും അതിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വയ്ക്കുകയും ചെയ്തിരുന്നു.

കാർഷിക മേഖലയിൽ വിവിധ വിളകളെ പ്രോൽസാഹിപ്പിയ്ക്കുന്നതിനും, കാർഷികപരമായ തൊഴിലിന് പ്രാധാന്യം നൽകുന്ന ശ്രമങ്ങളാണ് പദ്ധതി കാലയളവിൽ നടന്നത്. മൃഗസംരക്ഷണമേഖലയിൽ 5 പദ്ധതികൾ നടപ്പിലാക്കി. ക്ഷീരകർഷകർക്ക് പാലിനു സബ്സിഡിയായി 1.7 ലക്ഷം രുപ അനുവദിയ്ക്കുന്നതിന് മാത്രമെ സാധിച്ചിരുന്നുള്ളൂ. സാന്ത്വനപരിചരണം, മരുന്നുവാങ്ങൽ, FHC യുടെ അടിസ്ഥാന വികസനം, പാലിയേറ്റീവ് പരിചരണം, വനിതാ ഘടക പദ്ധതിയിൽപ്പെടുത്തി മെൻസ്ട്രൽ കപ്പ് വിതരണം, എന്നിവയായിരുന്നു ആരോഗ്യമേഖലയിലെ പ്രധാന പ്രോജക്ടുകൾ. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടേയും, കൃഷി ഓഫീസറുടെയും, ഫയൽ സൂക്ഷിപ്പ് തൃപ്തികരമായിരുന്നില്ല.

ലൈഫ് പദ്ധതി കാര്യക്ഷമമായി നിർവ്വഹിച്ചിട്ടുണ്ട്. മാലിന്യനിർമ്മാർജ്ജനത്തിന് പ്രാധാന്യം നൽകുന്ന പ്രോജക്ടുകളും നിർവ്വഹിച്ചത് വിഇഒ ആയിരുന്നു. ജൈവമാലിന്യപ്ളാന്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ശ്രമം നടത്തിയിട്ടില്ല. വയോജന സൗഹൃദ പ്രവർത്തനങ്ങളും, സ്ത്രീകളുടെ ആരോഗ്യം മുൻ നിർത്തിയുള്ള പ്രവർത്തനങ്ങളും, അനുപൂരക പോഷകപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. മാലിന്യസംസ്കരണ മേഖലയിൽ (അജൈവം) പൂർണ്ണമായും നേട്ടം കൈവരിയ്ക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

പൊതുമരാമത്ത് പ്രവൃത്തികളിൽ 70 സ്പിൽ ഓവർ പ്രോജക്ടുകളും 43 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ 113 പദ്ധതികളിൽ 72 (സ്പിൽ ഓവർ 55, പുതിയത്-17) എണ്ണം മാത്രമെ ഓഡിറ്റു വർഷം നടപ്പാക്കിയിട്ടുള്ളൂ. റോഡ് നവീകരണത്തിനും, അങ്കണവാടികളുടെയും, കൈമാറികിട്ടിയ മറ്റുകെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾക്കാണ് പദ്ധതികളിൽ കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്. ആസ്തിരജിസ്റ്റർ, R-Track എന്നിവ കാലികമാക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്. ശുചിത്വവുമായി ബന്ധപ്പെട്ട പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല.

ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും അന്തിമ ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിലും സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്.

പ്രോജക്ടുളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതിയുടെ നടത്തിപ്പിലെ വലിയ കുറവാണ്. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ

വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.
സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ താഴെപ്പറയും പ്രകാരം ആകെ **53.8 ലക്ഷം** രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കുന്ന സാഹചര്യവുമുണ്ടായി.

| ഇനം | വരവ് | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 29035000 | 28150192 | 884808 |
| വികസന ഫണ്ട്-SCP | 5030000 | 5010965 | 19035 |
| വികസന ഫണ്ട്-TSP | -- | -- | -- |
| മെയിന്റനൻസ് ഗ്രാന്റ്- Road | 22337000 | 17859231 | 4477769 |
| മെയിന്റനൻസ് ഗ്രാന്റ് – Non Road | -- | -- | -- |
| ആകെ | | | **5381612** |

## 1-6 <u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി</u>

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പു പദ്ധതിയുടെ 2024-25 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 18 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ലേബർ ബജറ്റ് പ്രകാരം ആകെ വിഭാവനം ചെയ്ത 1922 പ്രോജക്ടുകളിൽ 257 എണ്ണത്തിന് സാങ്കേതികാനുമതി ലഭിക്കുകയും 203 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 129735 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1786 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി വാച്ചാൽ ആഴം കൂട്ടൽ, വൃക്ഷത്തൈ നടീൽ, തോടുകളുടെ നവീകരണം തുടങ്ങി മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| **വരവ്(Receipt)** | | **ചെലവ്(Payment)** | |
|---|---|---|---|
| **മുന്നിരിപ്പ് (01-04-2024)** | **2563.50** | Skilled Labour | 1740000 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 2349190 | Unskilled Labour | 44813196 |
| പലിശ വരവ് | 3311 | Material | 13984000 |
| **ആകെ നേരിട്ടുള്ള വരവ്** | 2355064 | **ആകെ EFMS ചെലവ്** | **60537196** |
| Skilled Labour | 1740000 | ശമ്പളം | 1983141 |
| Unskilled Labour | 44813196 | പ്രിന്റിങ്ങ് & സ്റ്റേഷനറി | 35834 |
| Material | 13984000 | മറ്റുള്ളവ | - |
| **ആകെ EFMS വരവ്** | **60537196** | **ആകെ നേരിട്ടുള്ള ചെലവ്** | **2018975** |
| | | | |

| | | | |
|---|---|---|---|
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ | 2018975 | പഞ്ചായത്ത് തനത് മുൻകൂർ തിരിച്ചടവ് | 2355064 |
| - | ----- | **നീക്കിയിരിപ്പ്(31-03-2025)** | 0.50 |
| **ആകെ** | **64911235** | **ആകെ** | **64911235** |

2024-25 തൊഴിലുറപ്പ് പദ്ധതി ചെലവ് പൂർണമായും റവന്യൂ ചെലവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളിൽ പഞ്ചായത്തിന് സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾ ആസ്തിയായി ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് ചെലവിനായി പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ നൽകുകയാണ് ചെയ്യുന്നത്. 01-04-2024 ൽ ക്രമീകരിക്കാൻ അവശേഷിച്ചിരുന്ന മുൻകൂർ 2578307/- രൂപ തൻവർഷം മുൻകൂറിനും ക്രമീകരണത്തിനും ശേഷം 31-03-2025 -ൽ 22,42,218/- രൂപയാണ് Outstanding Advance ആയി പഞ്ചായത്ത് ഫണ്ടിലേക്ക് നൽകാനുള്ളത്. പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള മുൻകൂർ ക്രമീകരിക്കാൻ പര്യാപ്തമായ തൊഴിലുറപ്പ് അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് തുടർവർഷത്തിൽ ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് നടപടിക്രമങ്ങൾ കൃത്യമാണ്.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2024-25 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 43,480,400 | 2998 |
| കർഷക തൊഴിലാളി പെൻഷൻ | 14850400 | 907 |
| വിധവാപെൻഷൻ | 13,740,800 | 894 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത വനിതകൾക്കുള്ള പെൻഷൻ | 493800 | 32 |
| വികലാംഗപെൻഷൻ | 5530200 | 354 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2025 തീയതിയിൽ 3.10 പി.എം-ന് ഫ്രണ്ട് ഓഫീസ് ക്യാഷ്യറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2875/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ സെക്ഷന് കൈമാറാനുള്ള

ഫയലുകൾ രജിസ്റ്ററിൽ ചേർത്ത് രേഖാമൂലം കൈമാറി നൽകുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/പഞ്ചായത്ത് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു. എന്നാൽ കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല. വാർഷിക കണക്ക് പരിശോധനയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റു വർഷത്തെ വാർഷികകണക്കുകളുടെ തയ്യാറാക്കൽ കാര്യക്ഷമമായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

<u>വിഭവസമാഹരണം</u>

തനത് വരുമാനം താരതമ്യേന മികച്ച തുകയുള്ള പഞ്ചായത്താണ് തിരുവാർപ്പ്. പരമാവധി വരവിനങ്ങൾ പിരിച്ചെടുക്കുന്നതിൽ പഞ്ചായത്ത് ജാഗ്രത പുലർത്തിയതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. എന്നാൽ വസ്തുനികുതിയിനത്തിൽ 8 ലക്ഷത്തോളം രൂപ കുടിശ്ശികയുണ്ട്. കൂടാതെ ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി അടവാക്കാതെയും സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത് വരുമാനനഷ്ടത്തിന് ഇടയാക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളിലെ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിൽ ഭാവിയിൽ ജാഗ്രത പുലർത്തേണ്ടതാണ്. പെർമിറ്റിനത്തിൽ സ്വീകരിക്കുന്ന തുകയുടെ വിശദാംശങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സർക്കാർ നിർദ്ദേശാനുസരണം, അധികമായി ഈടാക്കിയ കെട്ടിട നിർമ്മാണ പെർമിറ്റ് തുക, കെട്ടിട ഉടമയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ തിരികെ നൽകുകയോ/ ക്രമീകരിക്കുകയോ ചെയ്യുമ്പോൾ, ടി തുകയുടെ വിശദാംശങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. നിലവിൽ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം കെ-സ്മാർട്ട് സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശം അനുസരിച്ച് വരവിനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷ്മവും സുതാര്യവുമായി കൈകാര്യം ചെയ്യേണ്ടതും മേലധികാരികൾ ആവശ്യമായ ഉപരിപരിശോധനകൾ നടത്തി രേഖപ്പെടുത്തലുകളും വിവരങ്ങളും പെർമിറ്റ് രജിസ്റ്റർ ഉൾപ്പെടെ പരിപാലിക്കുന്ന എല്ലാ രജിസ്റ്ററുകളിലും പൂർണ്ണവും കൃത്യമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.07.2017 | 2012-13 മുതൽ 2016-17 വരെ | LBHQ 11/8A-2664/17-18/187 15/09/2017 |
| പെർഫോർമൻസ് ഓഡിറ്റ് | 5.08.2022 | 01/2022 മുതൽ 3/2022 വരെ | റിപ്പോർട്ട് ലഭ്യമായില്ല. |

## 1-11 പലിശരഹിത തനത്ഫണ്ട് അക്കൗണ്ടുകളിൽ വൻ തുക ശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതിനായി രണ്ട് കറന്റ് അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്. ഫെഡറൽ ബാങ്ക്, കോട്ടയം ശാഖയിലുള്ള അക്കൗണ്ടിലാണ് ഗൂഗിൾ പേ മുഖേന പഞ്ചായത്തിൽ അടവാക്കുന്ന തുകകൾ വരവു വയ്ക്കുന്നത് (അക്കൗണ്ട് നം.10250200109576). വസ്തു നികുതി ഇ-പേയ്മെന്റ് മുഖേന ലഭിക്കുന്ന തുക നിക്ഷേപിക്കുന്നതിനായാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, തിരുവാർപ്പ് ശാഖയിൽ, (അക്കൗണ്ട് നം.57063153565) ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത്. അംഗൻവാടി

അനുപൂരക പോഷകാഹാര പദ്ധതിയുടെ കേന്ദ്രവിഹിതം, ലൈഫ് സ്റ്റേറ്റ് ഷെയർ, മറ്റ് സർക്കാർ ഗ്രാന്റുകൾ എന്നിവയുടെ ഇടപാടുകളും ടി അക്കൗണ്ട് മുഖേനയാണ് നടത്തുന്നത്. 31.03.2025 വരെയുള്ള പാസ്സ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം, രണ്ട് അക്കൗണ്ടുകളിലുമായി ₹5957941/- രൂപ നീക്കിയിരിപ്പുണ്ട്. (ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ ₹1294841/- രൂപ + സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ അക്കൗണ്ടിൽ ₹4663100/-രൂപ). പലിശരഹിതവും ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടുകളിൽ ഗണ്യമായ തുക നിലനിർത്തുന്നത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നം.6/28.07.25) മറുപടിയായി, ഫെഡറൽ ബാങ്ക് അക്കൗണ്ട് മുഖേനയാണ് കെ എസ് ഇ ബി, ബി എസ് എൻ എൽ, മറ്റു ഓൺലൈൻ പേയ്മെന്റുകൾ എന്നിവ നടത്തുന്നത് എന്നും ഇൻകം ടാക്സ്, ജി.എസ്.റ്റി പേയ്മെന്റുകളും മറ്റു പണമിടപാടുകളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ അക്കൗണ്ടിലൂടെ നടത്തുന്നുണ്ടെന്നും മേൽ പണമിടപാടുകൾ നടത്തുന്നതിനുള്ള ഒരു നിശ്ചിത തുക അക്കൗണ്ടുകളിൽ നീക്കിയിരിപ്പായി സൂക്ഷിച്ചിട്ട് ബാക്കി തുക പലിശ ലഭിക്കുന്ന തനത് ഫണ്ട് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ 2025-26 വാർഷിക പദ്ധതിയിൽ തനത് ഫണ്ട് വകയിരുത്തി ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകൾക്കുള്ള പേയ്മെന്റുകൾ ടി ബാങ്ക് അക്കൗണ്ടുകളിൽ നിന്നും നടത്തുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടമാക്കാതെ അത്യാവശ്യ പണമിടപാടുകൾക്കുള്ള തുക ടി അക്കൗണ്ടുകളിൽ നിലനിർത്തിക്കൊണ്ട് ബാക്കി തുക അടിയന്തിരമായി പലിശ ലഭിക്കുന്ന തനത് ഫണ്ട് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു രേഖകൾ സഹിതം ഓഡിറ്റിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

## <u>1-12 DSHJ കോൺവെന്റ് സ്കൂൾ, കിളിരൂർ - വകുപ്പ് 207 ന്റെ പരിധിയിൽ ഉൾപ്പെടുത്തി വസ്തു നികുതി ഒഴിവാക്കി നൽകി</u>

സഞ്ചയ വെബ് പോർട്ടൽ നികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം, ഗ്രാമ പഞ്ചായത്തിന്റെ വാർഡ്-X (പഞ്ചായത്ത് സെൻട്രൽ)-ൽ ഉൾപ്പെട്ട, DSHJ കോൺവെന്റ് നേഴ്സറി സ്കൂൾ, കിളിരൂർ എന്ന ഉടമസ്ഥതയിലുള്ള, കെട്ടിടത്തിന് (നം.250) നികുതി നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് / വിലാസം | തറ വിസ്തീർണ്ണം (ച. മീ) | നിലവിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഉപയോഗക്രമം |
|---|---|---|---|---|
| 1) | X/ 250 | DSHJ കോൺവെന്റ് നേഴ്സറി സ്കൂൾ, കിളിരൂർ | 116 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ |

1994 കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പ് പ്രകാരം, കേന്ദ്ര സർക്കാർ വകയോ, സംസ്ഥാന സർക്കാർ വകയോ, എയ്ഡഡോ, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും, പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളും; വകുപ്പ്- 203 പ്രകാരം ചുമത്താവുന്ന വസ്തു നികുതിയിൽ നിന്നും, വകുപ്പ്-200/ ഉപവകുപ്പ്- 2 പ്രകാരം ചുമത്താവുന്ന സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കേണ്ടതാകുന്നു.

പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനം ഗവൺമെന്റ് എയ്ഡഡ് വിഭാഗത്തിൽ ഉൾപ്പെട്ടതാണോയെന്നത് സംബന്ധിച്ചും, ടി കെട്ടിടത്തെ വസ്തു നികുതി ഡിമാന്റിൽ ഉൾപ്പെടുത്താതെ, 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി, വസ്തു നികുതി ഒഴിവാക്കി നൽകിയതിന്റെ സാഹചര്യം സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/30.07.2025), വിഷയം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമായിട്ടുണ്ട്. കെട്ടിടത്തിന്റെ, നികുതി നിർണ്ണയത്തിൽ നിലനിൽക്കുന്ന അപാകത പരിഹരിച്ച്, യഥാവിധി നികുതി നിർണ്ണയം നടത്തി, കുടിശ്ശിക ഉൾപ്പെടെയുള്ള തുക ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും, ഫോം-VI ഉൾപ്പെടെ രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിഷയം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 വസ്തു നികുതി - തറ നിർമ്മിതിയിൽ വ്യക്തത വരുത്തേണ്ടതാണ്

ചെങ്ങളം സൗത്ത് വില്ലേജിൽ, സർവ്വേ നം. 179/04/01-ൽ ഉൾപ്പെട്ട, ശ്രീ.അഷറഫ്, പടിഞ്ഞാറേമേലേപ്പറമ്പിൽ, ചെങ്ങളം സൗത്ത് എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്, 'പാർപ്പിടാവശ്യത്തിനായി' 08.04.2024 -ൽ നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വാർഡ് XVIII -ൽ (ചെങ്ങളം വായനശാല) 147 (A) നം. അനുവദിച്ച് നൽകിയിട്ടുള്ള ടി കെട്ടിടത്തിന്, താഴത്തെ നിലയ്ക്ക് 439.29 ച. മീറ്ററും, ഒന്നാം നിലയ്ക്ക് 132.59 ച. മീറ്ററും, രണ്ടാം നിലയ്ക്ക് 90.87 ച. മീറ്ററും ഉൾപ്പെടെ ആകെ 662.75 ച. മീറ്റർ തറ വിസ്തീർണ്ണമുണ്ട്. കോട്ടയം - കുമരകം റോഡ് സൈഡിൽ സ്ഥിതി ചെയ്യുന്ന ടി കെട്ടിടത്തിന്റെ തറ നിർമ്മിതി 'സാധാരണ തറ' എന്ന പ്രകാരമാണ് നിലവിൽ വസ്തു നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന്, 'മേൽ തരം തറ നിർമ്മിതി' ഉണ്ടോയെന്നത് സംബന്ധിച്ച്, ഫീൽഡ് പരിശോധന നിർവ്വഹിച്ച് വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/30.07.2025), മറുപടി ലഭ്യമായില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം-6/പട്ടിക-6 പ്രകാരം, 250 ചതുരശ്രമീറ്ററിൽ കൂടുതലുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയുടെ 15% വർദ്ധനവ് നൽകേണ്ടതുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന നിർവ്വഹിച്ച്, 250 ചതുരശ്രമീറ്ററിൽ കൂടുതൽ മേൽത്തരം തറ നിർമ്മിതിയുള്ള പക്ഷം, അടിസ്ഥാന നികുതിയിന്മേൽ 15% വർദ്ധനവ് ബാധകമാക്കി നികുതി പുനർനിർണ്ണയിക്കേണ്ടതും, ഫോം VI ഉൾപ്പെടെ രേഖാമൂലം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-14 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് വാർഡ്-IX -ൽ സ്ഥാപിച്ചിട്ടുള്ള എയർസെൽ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടുള്ളതായി ബന്ധപ്പെട്ട നികുതി രേഖകളിൽ നിന്നും വ്യക്തമാകുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | മൊബൈൽ ടെലികമ്മ്യൂ-ണിക്കേഷൻ ടവർ | കുടിശ്ശിക കാലയളവ് / വർഷം | LC, സർവീസ് ചാർജ്ജ് തുടങ്ങിയവ ഉൾപ്പെടെയുള്ള ആകെ നികുതി തുക (Rs.) |
|---|---|---|---|---|
| 1) | IX/ 45 A | എയർസെൽ ഡിസ്ട്രിക്ട് വയർലെസ്സ് ലി. | 2023 (I) മുതൽ 2024 (II) വരെ | 23,052/- |
| | ആകെ | | | 23,052/- |

സമയബന്ധിതമായി നികുതി തുക ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/30.07.2025), നികുതി അടവാക്കുന്നതുമായി ബന്ധപ്പെട്ട് ഡിമാന്റ് നോട്ടീസും, അരിയർ ഡിമാന്റ് നോട്ടീസും ബന്ധപ്പെട്ട കക്ഷികൾക്ക് ഇഷ്യൂ ചെയ്തിരുന്നെങ്കിലും, നികുതി അടവാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ, ആർ. ആർ നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമായിട്ടുണ്ട്.

നികുതിയിനത്തിൽ ശേഷിക്കുന്ന തുക ഈടാക്കി, വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ വസ്തു നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള '5' മൊബൈൽ ടവറുകളുടെ, നികുതി നിർണ്ണയിക്കപ്പെടാതെ തുടരുന്നതായി കാണുന്നു. പഞ്ചായത്തിന്റെ നികുതി നിർണ്ണയ ഡേറ്റാബേസ് പ്രകാരം 31.03.2025 വരെ '9' ടവറുകൾക്കാണ് നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. നികുതി നിർണ്ണയിക്കപ്പെടാതെ തുടരുന്ന ടവറുകളുടെ, ലഭ്യമായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./പേര് | ടവർ/സ്ഥല ഉടമയുടെ പേര് | സമീപ കെട്ടിട നം. | Plinth Area (ച.മീ.) | നിർമ്മിതിയുടെ കാലപ്പഴക്കം |
|---|---|---|---|---|---|
| 1) | XI (അറുനൂറ്റിമംഗലം) | രാജപ്പൻ കോത്തടി | XI/217 | 5 | 11 വർഷം |
| 2) | XVI (തിരുവാർപ്പ് സെൻട്രൽ) | മാനേജർ, ബി.എസ്.എൻ.എൽ. | XVI/222 | 12.14 | 11 വർഷം |
| 3) | XVII (പരുത്തിയകം) | മാനേജർ, ബി.എസ്.എൻ.എൽ. | XVII/270/A | 26.14 | 12 വർഷം |
| 4) | XVIII (ചെങ്ങളം വായനശാല) | മാനേജർ, ഭാരതി എയർടെൽ | XVIII/88 | 20.4 | 4 വർഷം |
| | | മാനേജർ, ബി.എസ്.എൻ.എൽ. | XVIII/104 | 6.4 | 4 വർഷം |

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ, തിരുവാർപ്പ് ഗ്രാമ പഞ്ചായത്ത് 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ, ഖണ്ഡിക (1-13) പ്രകാരം പ്രസ്തുത വിഷയം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് ഓഡിറ്റിൽ അറിയിച്ചിരുന്നെങ്കിലും, തൻവർഷവും ടി ടവറുകൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടിട്ടില്ല. മൊബൈൽ ടവറുകൾ റഗുലറൈസ് ചെയ്ത ശേഷം, നികുതി നിർണ്ണയിച്ച് കുടിശിക സഹിതം നികുതി ഡിമാന്റ് ചെയ്യേണ്ടതും, തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-16 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

സ്ഥാപനത്തിൽ പരിപാലിയ്ക്കുന്ന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും, ഗ്രാമ പഞ്ചായത്ത് പരിധിയിലുൾപ്പെട്ട വിവിധ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ/ സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1) | കായലോരം ഫിഷറീസ് | II |
| 2) | KSEB ട്രാൻസ്മിഷൻ സർക്കിൾ, ചെങ്ങളം | II |
| 3) | കള്ള് ഷാപ്പ് (TS No. 10, 11, 12, 13, 17, 18) | I & II |
| 4) | തിരുവാർപ്പ് ദേവസ്വം | II |
| 5) | മണലേൽ ഹോമിയോ ക്ലിനിക് | II |
| 6) | ചെങ്ങളത്തുകാവ് ദേവസ്വം | I & II |
| 7) | സെൻട്രൽ ഫിനാൻസ് | I & II |
| 8) | ജെ. എൻ. ഫിഷറീസ് | II |
| 9) | ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലി. | I & II |

| | | |
|---|---|---|
| 10) | കിളിരൂർ ദേവസ്വം | II |
| 11) | മോട്ട ഗ്രാനൈറ്റ് പ്രൈ. ലി, ചെങ്ങളം | I & II |
| 12) | വെട്ടിക്കാട്ടിൽ സെറാമിക്സ് | I & II |
| 13) | ഗ്ലോബൽ അസ്സോസ്സിയേറ്റ്സ് | I |
| 14) | വയലോരം കിച്ചൻ, ചെങ്ങളം | I |
| 15) | ജി. കെ. റീട്രേഡിംഗ്, ചെങ്ങളം | I & II |
| 16) | റോക് സ്റ്റോൺ ബിസിനസ്സ് | I |
| 17) | ഒലിവ് ചപ്പാത്തിക്കട | I |
| 18) | ബ്രീസ് ഡെന്റൽ ക്ലിനിക് | I & II |
| 19) | മറ്റത്തിൽ പെയിന്റ്സ് & ഹാർഡ്‌വേർസ്, ചെങ്ങളം | I & II |
| 20) | ത്രിവേണി സൂപ്പർമാർക്കറ്റ്, ചെങ്ങളം | I & II |
| 21) | സമൃദ്ധി സൂപ്പർമാർക്കറ്റ് | I & II |
| 22) | ക്വാളിറ്റി കാർ വാഷ് | I & II |
| 23) | വിർച്യു ഫൂഡ്സ് & ബിവറേജസ്, തിരുവാർപ്പ് | I & II |
| 24) | ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവിധ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ | I & II |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/30.07.2025), മറുപടി ലഭ്യമായില്ല. നികുതി തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതും, തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-17 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ, വാർഷിക പദ്ധതിയിലുൾപ്പെട്ട മരാമത്ത് പ്രവൃത്തികൾ തുടങ്ങിയവ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം, പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ ഓഡിറ്റ് വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം, മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാർ ഏറ്റെടുത്ത വ്യക്തിയുടെ പേര് | 22/ 30.07.2025 നം. അന്വേഷണക്കുറിപ്പിന് ലഭ്യമായ മറുപടി |
|---|---|---|
| 1) | ദാസപ്പൻ നായർ, കിളിരൂർ | ടി കരാറുകാർ, ഗുണഭോക്തൃ കമ്മിറ്റിയുടെ കൺവീനർമാരായി കരാർ ഏറ്റെടുത്തിട്ടുള്ളവരാണെന്ന മറുപടി ലഭ്യമായിട്ടുണ്ട്. ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിരുന്നോയെന്നത് |
| 2) | സാബുദീൻ എസ്. ചെങ്ങളം സൗത്ത് | |
| | | |

| | | |
|---|---|---|
| 3) | സദക്കത്തുൽ കബറീൻ, കുമ്മനം | മറുപടിയിൽ വ്യക്തമല്ല. പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. |
| 4) | നൗഷാദ് എ. എൻ. ചെങ്ങളം സൗത്ത് | |
| 5) | വിജയൻ. പി, കുമരകം | |
| 6) | ബാബു എ.എസ്, കുടവെച്ചൂർ | ടിയാൾ, അസിസ്റ്റന്റ് എഞ്ചിനീയറുടെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്ന വാഹനത്തിന്റെ ഡ്രൈവർ ആയിരുന്നുവെന്നും, കുറഞ്ഞ കാലയളവിൽ മാത്രമാണ് ടി യാൾ സേവനമനുഷ്ഠിച്ചിരുന്നതെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിരുന്നോയെന്നത് മറുപടിയിൽ വ്യക്തമല്ല. പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. |
| 7) | അച്ചു ഏലിയാസ് അലക്സ്, അതിരമ്പുഴ | ടിയാൾ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ആർപ്പൂക്കര ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ (രസീത് നം.1240503431/ 21.01.2025) വിശദാംശങ്ങളാണ് മറുപടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2024-2025 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. |
| 8) | സെക്രട്ടറി, ഐ. ആർ. റ്റി. സി | അക്രെഡിറ്റഡ് ഏജൻസി കരാറുകാരാണെന്ന മറുപടി ലഭ്യമായിട്ടുണ്ട്. ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിരുന്നോയെന്നത് മറുപടിയിൽ വ്യക്തമല്ല. പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. |
| 9) | ജോസ് മോൻ തോമസ്, കൊതവറ | തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി |

| | | |
|---|---|---|
| 10) | എം. എസ്. സുഭാഷ് കുമാർ, വേളൂർ | ലഭ്യമായിട്ടുണ്ട്. നികുതി തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. |

പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/30.07.2025), മേൽ ചേർത്ത പ്രകാരം മറുപടികൾ ലഭ്യമായിട്ടുണ്ട്. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതും, 2024-25 വർഷത്തെ നികുതി തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-18 ലൈസൻസ്--അപാകതകൾ

1994-ലെ കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് സംബന്ധമായ രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

### ലൈസൻസ് എടുക്കാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2024-25 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 562 വാണിജ്യ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കേവലം 391 സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് അതിൽ രേഖപ്പെടുത്തിയിട്ടുള്ളത് (ഇതിൽ ലൈസൻസ് തുക അടവാക്കാത്ത സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുള്ളതാണ്). എന്നാൽ പല സ്ഥാപനങ്ങളുടെയും പേര് രജിസ്റ്ററിൽ ആവർത്തിച്ച് വന്നിട്ടുള്ളതിനാൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ലൈസൻസ് അടക്കാത്തതെന്നു കൃത്യമായി കണ്ടെത്തുവാൻ കഴിയുന്നില്ല. എന്നാൽ ടി സാമ്പത്തിക വർഷത്തിൽ ലൈസൻസ് തുക ഈടാക്കിയ സ്ഥാപനങ്ങളുടെ അന്തിമ എണ്ണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നൽകിയ കണക്കുകൾ പ്രകാരം 349 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. സ്ഥാപനങ്ങളുടെ എണ്ണം സംബന്ധിച്ച് കണക്കുകളിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ ഹരിതമിത്രം ആപ്പിലെ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം സംബന്ധിച്ച് വി ഇ ഒ നൽകിയ വിവര പ്രകാരം 440 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും, എന്നാൽ ഇത് സംബന്ധിച്ച് നടത്തിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17-30/07/25) മറുപടിയായി 370 ഓളം വാണിജ്യ സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതെന്നു് അറിയിച്ചു. ധാരാളം വാണിജ്യ-സംരംഭക പ്രവർത്തനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന സാഹചര്യത്തിലേക്കാണ് പ്രസ്തുത കണക്കുകൾ വിരൽചൂണ്ടുന്നത്. വാർഡ്തല ലൈസൻസ് രജിസ്റ്റർ കാലികമായി തയ്യാറാക്കി തനതുഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-19 ഇ-ടെണ്ടർ ഫോറവില -പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല.

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ SBI യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ച എസ് ബി ഐ തിരുവാർപ്പിലുള്ള (അക്കൗണ്ട് നം-37368562924) അക്കൗണ്ടിൽ 31/03/25 ൽ ഇ-ടെണ്ടർ ഫീസ് ഉൾപ്പെടെ 100355 രൂപ നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ രേഖാമൂലം അറിയിക്കേണ്ടതാണെന്നാശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.7/29-7-25) ടെണ്ടർ ഫീ സെക്രട്ടറിയുടെ അക്കൗണ്ടിൽ അടവാക്കിയും തനത് ഫണ്ട് പദ്ധതികളുടെ നികുതി വിഹിതങ്ങൾ അടവാക്കിയും

രസീത് സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഇ-ടെൻഡർ ഫീസിനത്തിൽ പ്രസ്തുത അക്കൗണ്ടിലവശേഷിക്കുന്ന തുക പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതും നികുതി വിഹിതങ്ങൾ അതാത് ശീർഷകങ്ങളിൽ അടവാക്കേണ്ടതുമാണ്. യഥാസമയം നികുതിവിഹിതങ്ങൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടവാക്കാത്തതു മൂലമുണ്ടാകുന്ന ഫൈൻ ഉൾപ്പെടെയുള്ള തുടർനടപടികൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയാകുന്നതാണെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 വിവിധ തീയതികളിലെ കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല

ഓഡിറ്റ് വർഷം സകർമ്മ മിനിട്ട്സ് വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കമ്മിറ്റി തീരുമാനങ്ങൾ അടിയന്തിര അജണ്ടയിൽ ഉൾപ്പെടുത്തി എടുത്തിട്ടുണ്ടെങ്കിലും നടപ്പാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

**1. R - Track വിവരങ്ങൾ കാലികമാക്കൽ**

റോഡുകളുടെ ആസ്തി കാലികമാക്കുന്നതുമായി ബന്ധപ്പെട്ട് R-Track മുഖേന തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച റോഡുകളുടെ വിവരങ്ങളിൻമേലുള്ള പരാതികൾ, കൂട്ടിച്ചേർക്കലുകൾ എന്നിവ സംബന്ധിച്ച് പരിശോധിക്കുന്നതിന് വൈസ് പ്രസിഡന്റ്, വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ, ക്ഷേമകാര്യ സറ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ അംഗങ്ങളായി ഉപസമിതി രൂപീകരിച്ചും കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും യോഗം തീരുമാനിച്ചു (4/12/24 **തീരുമാനം നമ്പർ- 1)**

**2. കിളിരൂർ യു.പി. സ്കൂൾ കെട്ടിടത്തിന്റെ ഫിറ്റ്നസ് നൽകുന്നത്**

കിളിരൂർ ഗവ.യു.പി. സ്കൂൾ കെട്ടിടത്തിന്റെ സുരക്ഷ സംബന്ധിച്ച് ഹെഡ്മിസ്ട്രസ്സ് ലഭ്യമാക്കിയ അപേക്ഷ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി സമർപ്പിച്ച റിപ്പോർട്ടിൽ കെട്ടിടത്തിന്റെ ഭിത്തി പൂർണ്ണമായി വിള്ളൽ ഉണ്ടായിട്ടുള്ളതായും, കെട്ടിടം ഒരു വശം ഇരുത്തം വന്നതായും കാണുന്നുവെന്നും ആയതിനാൽ മേൽ പരാമർശിച്ചിരിക്കുന്ന കെട്ടിടത്തിൽ നിലവിൽ കുട്ടികളെ ഇരുത്തുന്നത് അപകടകരമാണെന്നും പ്രതിപാദിച്ചിരിക്കുന്നു. കൂടാതെ നിലവിലെ കെട്ടിടത്തിന്റെ കേടുപാടുകൾ സംഭവിച്ചിരിക്കുന്ന ഭാഗം അറ്റകുറ്റപണികൾ കൊണ്ട് മാത്രം പരിഹരിക്കാവുന്ന തരത്തിലല്ല എന്നും കെട്ടിടത്തിന്റെ അടിത്തറയിലും ഭിത്തിയുടെ പല ഭാഗങ്ങളിലും അപകടകരമാം വിധത്തിലുള്ള നിരവധി വിള്ളലുകൾ രൂപപ്പെട്ടിരിക്കുകയാണെന്നും ആയതിനാൽ കേടുപാടുകൾ സംഭവിച്ച ഭാഗം പൊളിച്ച് നീക്കം ചെയ്ത് പുനർനിർമ്മാണം നടത്തുന്നതുമാണ് ഉചിതം എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇത് സംബന്ധിച്ച് സ്കൂൾ കെട്ടിടം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് കത്ത് നല്കുന്നതിന് യോഗം ഏകകണ്ഠേന അംഗീകരിച്ചു തീരുമാനിച്ചു. (12/6/24 തീരുമാനം നം.37/1)

**3. യൂട്ടിലിറ്റി മാറ്റി സ്ഥാപിക്കുന്നത്**

പഞ്ചായത്തിനു കീഴിൽ വരുന്ന പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കുമ്പോൾ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥിരമായി കേടായി ജല വിതരണം തടസ്സപ്പെടുകയാണെന്നും ആയത് പൊതുവിതരണ ആക്ട് 1984-ന്റെ ലംഘനമാണെന്നും പൈപ്പ് നന്നാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് ചെലവായ തുക എസ്റ്റിമേറ്റ് പ്രകാരം അടയ്ക്കേണ്ടതുമാണെന്നും ഭാവിയിൽ കരാർ നൽകുമ്പോൾ യൂട്ടിലിറ്റി മാറ്റി സ്ഥാപിക്കുന്നതിനും അതുപോലെ തകരാർ സംഭവിച്ചാൽ മെയിന്റനൻസ് ചെയ്യുന്നതിനുമുള്ള തുക കരാറിൽ ഉൾപ്പെടുത്തണമെന്നുമുള്ള വാട്ടർ വർക്ക് സെക്ഷൻ 1 അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകിയത് പരിഗണിച്ച് പഞ്ചായത്ത് പരിധിയിലുള്ള പ്രവൃത്തികൾ എറ്റെടുക്കുന്ന കരാറുകാർക്ക് യൂട്ടിലിറ്റി മാറ്റി സ്ഥാപിക്കുന്നതിനും തകരാർ സംഭവിച്ചാൽ മെയിന്റനൻസ് ചെയ്യുന്നതിനുമുള്ള തുക കരാറുകാരിൽ നിന്നും ഈടാക്കുന്നത് കരാറിൽ ഉൾപ്പെടുത്തുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കുന്നതിന് യോഗം തീരുമാനിച്ചു (12/6/24 തീരുമാനം നം.39/1).

**4. Rebuild Kerala – റോഡ് നിർമ്മാണം ഉൾപ്പെടുത്തുന്നത്.**

ഗ്രാമപഞ്ചായത്ത് 1-ാം വാർഡ് ബഹു.മുഖ്യമന്ത്രിയുടെ പദ്ധതിയായ (REBUILD PMURKILSGD 2020-21 Reconstruction Of Madathil Kadavu Mahila Samajam Palli Road In Thiruvarppu Grama Panchayath In Kottayam District) എന്ന പ്രോജക്ടിൽപ്പെടുത്തി മഠത്തിൽ കടവ്-മഹിളാസമാജം കണ്ടെത്തിപ്പള്ളി റോഡിന് 1 കോടി 45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയായാൽ ചെങ്ങളത്തുകാവ് ബസ് റൂട്ട് ഈ വാർഡിന്റെ ഹൃദയഭാഗത്ത് എത്തിക്കാൻ കഴിയും. ആറ് മീറ്റർ വഴി പൂർണ്ണമായും മതിലുകളും മറ്റും പൊളിച്ചു മാറ്റി സറണ്ടർ ചെയ്തിട്ടുള്ളതാണ്. പല സാങ്കേതിക കാരണങ്ങളാൽ തടസ്സപ്പെട്ട വർക്ക് പൂർത്തീകരിക്കുന്നതിനുവേണ്ടി അടിയന്തിരമായി ഇടപെടണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് 1-ാം വാർഡ് മെമ്പർ മുരളീകൃഷ്ണൻ ബഹു. മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുത്ത നവകേരള സദസ്സിൽ സമർപ്പിച്ച അപേക്ഷ യോഗം ചർച്ച ചെയ്തു (27.01.2024 തീയതിയിലെ തീരുമാനം നം.1).

**5. അംബേദ്കർ കോളനി കമ്മ്യൂണിറ്റി ഹാൾ–ഫിറ്റ്നസ് നൽകുന്നത്**

തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് 16-ാം വാർഡിലെ അംബേദ്കർ കോളനിയിൽ സ്ഥിതിചെയ്യുന്ന 30 വർഷം പഴക്കം ചെന്ന അപകടാവസ്ഥയിൽ നിലകൊള്ളുന്ന കമ്മ്യൂണിറ്റിഹാളിന്റെ ഭിത്തികൾ മുഴുവനും പൊട്ടിയും മുകളിലെ കോൺക്രീറ്റ് അടർന്നു വീണും മഴക്കാലമായാൽ ഹാളിൽ നിറയെ വെള്ളം കയറുകയും ചെയ്യുന്ന അവസ്ഥയാണ്. വളരെ അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന ടി കെട്ടിടം എത്രയും വേഗം പൊളിച്ചു നീക്കി കമ്മ്യൂണിറ്റി ഹാൾ പുതുക്കി നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പ്രദേശവാസികൾ സമർപ്പിച്ച അപേക്ഷ കമ്മിറ്റിയിൽ വായിച്ച് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു (24.02.25 തീരുമാനം നം.16).

മേൽ തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ/തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-21 വെള്ളക്കരം അടവാക്കൽ - വിവരങ്ങൾ ലഭ്യമാക്കുന്നത്

| | |
|---|---|
| പ്രോജക്ട് നം/പേര് | S0115/25 വെള്ളക്കരം അടവാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |
| അടങ്കൽ | 200000/- (തനതുഫണ്ട്) |
| ചെലവ് | 189264/- |

4/24 മുതൽ 1/25 വരെയുള്ള കാലയളവിൽ വെള്ളക്കരമിനത്തിൽ മേൽ പ്രോജക്ട് പ്രകാരം ആകെ 1,89,264/-രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. 2020-21 വർഷം വരെ 345 ടാപ്പുകൾ എന്ന് കണക്കാക്കിയാണ് വെള്ളക്കരം ഡിമാന്റ് ചെയ്തുപോന്നിരുന്നത്. 2020-21 വർഷം പഞ്ചായത്തിൽ ജൽജീവൻമിഷൻ പദ്ധതി നടപ്പിൽ വരികയുണ്ടായി. തുടർന്ന് ആവശ്യമായ ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തണമെന്ന് പഞ്ചായത്ത് വാട്ടർ അതോറിറ്റിയോട് നിരവധി തവണ ആവശ്യപ്പെട്ടിരുന്നതായി പഞ്ചായത്ത് കമ്മിറ്റിയുടെ മിനിറ്റ്സ് രേഖകളിൽ നിന്നും ബോധ്യമാകുന്നു. പിന്നീട് ടാപ്പുകളുടെ എണ്ണം 13 ആയി നിജപ്പെടുത്തി ആയതനുസരിച്ച് 22-23, 23-24, 2024-25 വർഷങ്ങളിൽ 13 ടാപ്പുകൾക്കുള്ള വെള്ളക്കരമിനത്തിൽ 15,772/- രൂപ വീതമാണ് ഒടുക്കിയിരുന്നത്. എന്നാൽ 345 കുടിവെള്ള പൈപ്പുകളുടെ തുകയാണ് വാട്ടർ അതോറിറ്റിയുടെ കണക്കു പ്രകാരം വർഷങ്ങളായി ഡിമാന്റ് ചെയ്തിരുന്നത്. ഗ്രാമപഞ്ചായത്ത് അതാത് മാസങ്ങളിലെ 13 ടാപ്പുകളുടെ തുക മാത്രമേ അടവാക്കിയിട്ടുള്ളൂ. ആയതിനാൽ വാട്ടർ അതോറിറ്റിയുടെ കണക്കുപ്രകാരം 7/25 ൽ പഞ്ചായത്ത് അടവാക്കാനുള്ള കുടിശ്ശിക തുക 29,58,031/-രൂപയാണ്.

വെള്ളക്കര കുടിശ്ശിക തുക അടവാക്കേണ്ടതുമായി ബന്ധപ്പെട്ട് ടാപ്പുകളുടെ എണ്ണം 13 എന്ന് നിജപ്പെടുത്തിയ സംയുക്ത പരിശോധനാ റിപ്പോർട്ട്, ഡിമാന്റ് തുക 13 ടാപ്പുകളുടെ മാത്രമായത് എത് തീയതി മുതലാണ്, വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് ബിൽ

പ്രകാരമുള്ള കുടിശ്ശിക എത് കാലയളവ് മുതലുള്ളതാണ്, പഞ്ചായത്ത് കുടിശ്ശിക അടവാക്കാത്തതിന്റെ കാരണം, കുടിശ്ശിക അടവാക്കാത്ത സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയുടെ കണക്കിൽനിന്നും ഡിമാന്റ് ഒഴിവാക്കി കിട്ടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം, ഈ വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റിയെടുത്ത തീരുമാനം, എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടു നൽകിയ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15-30/07/25) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന് വെള്ളക്കരമിനത്തിൽ കുടിശ്ശികയില്ലെന്ന് വ്യക്തമാക്കുന്ന രേഖകൾ സഹിതം ഡിമാന്റ് ഒഴിവാക്കി ലഭിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് വീണ്ടും ഓർമ്മക്കുറിപ്പ് നൽകേണ്ടതാണ്. ഇല്ലാത്ത കുടിശ്ശിക ഡിമാന്റിൽ നിന്നും ഒഴിവാക്കി നൽകാത്തപക്ഷം വാട്ടർ അതോറിറ്റിക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറിയും കമ്മറ്റിയും അറിയിച്ചു. ഡിമാന്റിലെ കുടിശ്ശിക ഒഴിവാക്കി കിട്ടാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക ഒഴിവാക്കി ലഭിക്കുന്നമുറയ്ക്ക് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-22 തെളിനീരൊഴുകും നവകേരളം-പ്രോജക്റ്റ് നിർവ്വഹണ പുരോഗതി വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | | |
|---|---|---|
| പ്രോജക്റ്റ് നം/പേര് | S0152/25 തെളിനീരൊഴകും നവകേരളം -വിവിധ വാർഡുകളിലെ കുടിവെള്ള സ്രോതസുകൾ തോടുകൾ ആഴം കൂട്ടി മാലിന്യ മുക്തമാക്കി നീരൊഴുക്കു വർദ്ധിപ്പിക്കൽ | S0323/25 തെളിനീരൊഴുകും നവകേരളം -വിവിധ വാർഡുകളിലെ തോടുകൾ ആഴം കൂട്ടി മാലിന്യ മുക്തമാക്കി നീരൊഴുക്കു വർദ്ധിപ്പിക്കൽ – ഫേസ് 1 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 1809000/-(ധനകാര്യ കമ്മിഷൻ ഗ്രാന്റ്) | 2973500/-(ധനകാര്യ കമ്മിഷൻ ഗ്രാന്റ്) |
| ചെലവ് വിവരം | 1809000/- ബിൽ നം. 676/26.03.2025 | 2973500/- ബിൽ നം. 675/26.03.25 |

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള കിണറുകളിൽ ഭൂരിഭാഗവും മീനച്ചിലാറിന്റെയും കൈവഴികളുടെയും സമീപത്താണ്. ജലനടത്തം, ജലസഭ എന്നിവ നടത്തി കിണറുകളിലെയും ജലസ്രോതസുകളിലെയും ജലം പരിശോധിച്ചതിൽ ഇ-കോളി അടക്കമുള്ള ബാക്ടീരിയകളുടെ സാന്നിദ്ധ്യം വളരെ കൂടുതലാണെന്ന് കണ്ടെത്തിയിരുന്നു. ആയതിനാൽ തോടുകൾ ആഴം കൂട്ടി മാലിന്യ മുക്തമാക്കി നീരൊഴുക്കു വർദ്ധിപ്പിയ്ക്കുന്നതിലൂടെ ടി കിണറുകളിൽ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുന്നതിന് സാധിയ്ക്കുന്നതിനും, കൂടാതെ വാർഡുകളിലെ തോടുകൾ ആഴം കൂട്ടി മാലിന്യ മുക്തമാക്കുന്നതിനും അതിലൂടെ വെള്ളപ്പൊക്ക ദുരന്തസാദ്ധ്യത ഒഴിവാക്കുന്നതിനും സാധിയ്ക്കുന്ന രീതിയിലാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിരിക്കുന്നത്. ചുവടെ ചേർക്കുന്ന തോടുകൾക്ക് ആഴം കൂട്ടുന്നതിനാണ് മേൽ പ്രോജക്ടുകൾ പ്രകാരം 47,82,500/-(1809000 + 2973500) മൈനർ ഇറിഗേഷൻ വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തത്.

| വാർഡ് | തോടിന്റെ പേര് |
|---|---|
| 1 | മാടേക്കാട് മുട്ട് തോട്, പോളച്ചാൽ തോട് മണലേൽച്ചിറ മഠത്തും കടവ് തോട് |
| | |

| | |
|---|---|
| 2 | കരിമാം കടവ് കളപ്പുരത്താഴെ വാഴയിൽ തോട് |
| 4 | പഴയ കവണാർ തോട് |
| 5 | തൊണ്ടമ്പ്രാൽ തട്ടുങ്കൽ തോട് തൊണ്ടമ്പ്രാൽ അറുപറ തോട് |
| 8 | ആശാൻ പാലം അമ്പൂരം തുമ്പൂങ്കൽ തോട് |
| 9 | ഇല്ലിക്കൽ അറുപതിൽ പത്തിയകം തോട്, ഇല്ലിക്കൽ മൂലക്കട മാവേലിമുട്ട് തോട് |
| 10 | കൊച്ചു പാലം പുല്ലുപാലം തോട് |
| 11 | നീലി കാവ് തോട് (നീലി കാവ് തോടിന്റെ ആരംഭം മുതൽ വട്ടപ്പള്ളി പാലം വരെ ) |
| 12 | മീനച്ചിലാർ കൈവഴി കാഞ്ഞിരം പാലം മുതൽ കൊച്ചു പാലം വരെ |
| 14 | മൂരിപ്പാറ-പരപ്പേൽ പാലം തോട് |
| 17 | മരുതന മാവേലിമുട്ട് |

പ്രോജക്കു നിർവ്വഹണവുമായി ബന്ധപ്പെട്ട പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.40/1-08-25) മറുപടി ലഭ്യമാക്കിയില്ല. വാർഡുകളിലെ ജല സ്ത്രോതസുകളിൽ പ്രവൃത്തി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതുവരെ 47,82,500/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 മലരിക്കൽ വില്ലേജ് ടൂറിസം - ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ ഏറ്റെടുക്കുന്നില്ല

'ആമ്പൽ' പൂക്കളുടെ കാഴ്ചകൊണ്ടു മാത്രം ലോക പ്രസിദ്ധമായ കോട്ടയം ജില്ലയിലെ മലരിക്കൽ, തിരുവാർപ്പ് ഗ്രാമ പഞ്ചായത്തിന്റെ വാർഡ് XIII -ൽ ഉൾപ്പെട്ട പ്രദേശമാണ്. ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ, സ്വദേശിയരും വിദേശിയരുമായ സഞ്ചാരികളെ 'റെഡ് കാർപെറ്റിൽ' തങ്ങളുടെ കാർഷിക ഗ്രാമത്തിലേക്ക് മലരിക്കൽ സ്വാഗതം ചെയ്യുന്നു. തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലെ 1800 ഏക്കറോളം വരുന്ന ജെ ബ്ലോക്ക് ഒൻപതിനായിരം, 950 ഏക്കറോളമുള്ള തിരുവായ്ക്കരി പാടശേഖരങ്ങളിലാണ് ആമ്പലുകൾ വിരിയുന്നത്. ഗ്രാമീണ ടൂറിസത്തിന്റെ വിജയ മാതൃകയായി, മീനച്ചിൽ–മീനന്തറയാർ–കൊടൂരാർ പുനർ സംയോജന പദ്ധതിയിൽ, ഗ്രാമീണ വിനോദസഞ്ചാര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2018 ലാണ് മലരിക്കൽ ആമ്പൽ ഫെസ്റ്റ് ആരംഭിച്ചത്. പരമ്പരാഗത വള്ളങ്ങൾ ഉൾപ്പെടെയുള്ള ബോട്ടിംഗ്, വീടുകളിലെ വാഹന പാർക്കിംഗ്, എന്നിവയ്ക്കു പുറമേ ആമ്പൽ പൂക്കളുടെ വില്പന, സഞ്ചാരികൾക്ക് ഇഷ്ടപ്പെട്ട ഭക്ഷണ വിഭവങ്ങൾ തയ്യാറാക്കി നൽകൽ തുടങ്ങിയവ പ്രാദേശിക ജനതക്ക് ഈ കാലയളവിൽ വരുമാന ഉപാധികളായി മലരിക്കൽ മോഡൽ തുടർന്നു പോരുന്നു. കർക്കിടക പെയ്ത്തിൽ വെള്ളപ്പൊക്ക കെടുതികളെ അതിജീവിക്കുന്ന, ജില്ലയുടെ പടിഞ്ഞാറൻ മേഖലകൾ ഉൾപ്പെട്ട ടി ഗ്രാമപഞ്ചായത്തിന്, മലരിക്കലെ ആമ്പൽ പൂക്കൾ വിനോദ സഞ്ചാര ഭൂപടത്തിൽ ഇടം നേടിക്കൊടുത്തുവെന്നത് തിരസ്ക്കരിക്കാനാവാത്ത യാഥാർഥ്യമായി തുടരുന്നു.



1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 166, ഉപവകുപ്പ് (1) - മൂന്നാം പട്ടികയിൽ ഇനം തിരിച്ചിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ആവശ്യങ്ങൾ നിറവേറ്റേണ്ടത്, ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളായി ഉൾപ്പെടുത്തിയിരിക്കുന്നു. ടി മൂന്നാം പട്ടിക, ക്രമ നം. എ (25) പ്രകാരം, പൊതു സ്ഥലങ്ങളിൽ മൂത്രപ്പുരയും കക്കൂസും കുളിസ്ഥലങ്ങളും ഏർപ്പെടുത്തുകയെന്നത്, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ സാഹചര്യത്തിൽ, സ്ത്രീകളും കുട്ടികളും ഉൾപ്പെടെ സ്വദേശിയരും വിദേശിയരുമായ സഞ്ചാരികൾ എത്തുന്ന, വില്ലേജ് ടൂറിസത്തിന്റെ ഭാഗമായ മലരിക്കലിൽ, സഞ്ചാരികൾക്ക് തങ്ങളുടെ പ്രാഥമിക കൃത്യം നിർവ്വഹിക്കപ്പെടുന്നതിന് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.38/31.07.2025), മറുപടി ലഭ്യമായില്ല. മലരിക്കലിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭൂമി ലഭ്യമല്ലാത്തത് പരിമിതിയാണെന്നും, അവിടെ സ്വകാര്യ വ്യക്തികളുടെ ഭൂമി മാത്രമാണുള്ളതെന്നും, റവന്യൂ/പുറമ്പോക്ക് ഭൂമി ഇല്ലെന്നും, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ വിശദീകരിച്ചിരുന്നു. എന്നാൽ വിനോദ സഞ്ചാരികൾ ധാരാളമായി എത്തുന്ന സീസണിൽ, പോർട്ടബിൾ ബയോടോയ്ലറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതിന്റെയോ, കരാർ/വാടക അടിസ്ഥാനത്തിൽ സേവനം ലഭ്യമാക്കുന്നതിന്റെയോ സാധ്യതകൾ ഭരണസമിതി പരിശോധിച്ചിട്ടുള്ളതായി കാണുന്നില്ല. സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്. തൻവർഷം, വാർഷിക പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്തിട്ടുള്ള, ടൂറിസം കേന്ദ്രങ്ങളിൽ വാട്ടർ ATM സ്ഥാപിക്കൽ (പ്രോജക്ട് നം.S0174/2025) എന്ന പദ്ധതിയ്ക്കായി 2,00,000/- രൂപ അടങ്കലിൽ തുക വകയിരുത്തിയിരുന്നെങ്കിലും, പദ്ധതി നടപ്പാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയെന്ന നിലയിൽ പൊതുജനങ്ങൾക്ക് സേവനം ഉറപ്പാക്കുകയെന്ന അനിവാര്യത കണക്കിലെടുത്ത്, മലരിക്കലിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 വാർഡ് 8 - ലെ അങ്കണവാടി കെട്ടിട നിർമ്മാണം - തുടർപ്രവർത്തനങ്ങൾക്ക് കാലതാമസം

ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, ഐ സി ഡി എസ് ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ എന്നിവ സംയോജിപ്പിച്ച് അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിന് തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ നിന്നും തൊണ്ടമ്പ്രാൽ ഡിവിഷൻ,

വാർഡ്-8 നെ തിരഞ്ഞെടുത്തിട്ടുള്ളതായി അറിയിച്ചത് പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്തു കമ്മിറ്റി (10/7/2024 ലെ തീരുമാനം നം.12/1) ഏകകണ്ഠേന അംഗീകരിച്ചു തീരുമാനിച്ചിരുന്നു. അതിലേക്കായി നിരാക്ഷേപസാക്ഷ്യപത്രം, ആസ്തി രജിസ്റ്ററിന്റെ പകർപ്പ് എന്നിവ നല്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും അങ്കണവാടി കെട്ടിട നിർമ്മാണത്തിന് സ്ഥലം അനുയോജ്യമാണെന്നുള്ള അനുയോജ്യതാസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(4-26/07/25) മറുപടിയായി പ്രസ്തുത സ്ഥലം സ്ഥിരമായി വെള്ളം കയറുന്ന ഇടമായതിനാൽ ഏറ്റുമാനൂർ ബ്ളോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സോയിൽ ടെസ്റ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നുവെന്നും പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചത് പ്രകാരം സോയിൽ ടെസ്റ്റ് നടത്തുന്നതിന് ടെൻഡർ ക്ഷണിക്കുകയും 11/07/2025 ലെ 2(4) നമ്പർ കമ്മറ്റി തീരുമാന പ്രകാരം ഭാരത് എൻജിനീയറിംഗ് വർക്ക്സ് ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുള്ളതാണ്. സോയിൽ ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും അറിയിച്ചു. 2022-23 സാമ്പത്തിക വർഷം നിർമ്മാണത്തിനായി തീരുമാനിച്ച അങ്കണവാടി വരും സാമ്പത്തിക വർഷം നിർമ്മാണം പൂർത്തീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-25 അങ്കണവാടികൾക്ക് സോളാർപാനൽ സ്ഥാപിക്കൽ - പാനൽ പൂർണ്ണമായും സ്ഥാപിച്ചിട്ടില്ല.

| പ്രോജക്ട് | S0008/24 അങ്കണവാടികൾക്ക് സോളാർപാനൽ സ്ഥാപിക്കൽ | S0293/25 അങ്കണവാടികൾക്ക് സോളാർപാനൽ സ്ഥാപിക്കൽ |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി | സെക്രട്ടറി |
| വകയിരുത്തൽ | 685020/- (റോഡിതരസംരക്ഷണഗ്രാന്റ്) 214980/- ( തനതുഫണ്ട്) ആകെ 900000/- | 589780/- (റോഡിതരസംരക്ഷണഗ്രാന്റ്) 70520/-(തനതുഫണ്ട്) ആകെ 660300 |
| ചെലവ് | 330150/- (ബിൽ നം.435/22.3.2024) | 660300 (589780/- ബിൽ നം.424/21.02.25+ 70520/- ബിൽ നം.-425/21.02.25) |

വിവിധ അങ്കണവാടികളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി S0008/24-ാം നമ്പർ പ്രോജക്ട് പ്രകാരം 2023-24-ൽ 9 ലക്ഷം രൂപ വകയിരുത്തുകയും 330150/-രൂപ 3/24-ൽ അനർട്ടിന് കൈമാറുകയും ചെയ്തു. 2024-25-ൽ S0293/25-ാം നമ്പർ പ്രോജക്ട് പ്രകാരം ഇതേ ആവശ്യത്തിന് 660300/-വീണ്ടും അനർട്ടിന് കൈമാറുകയും ചെയ്തു. ചെങ്ങളം സൗത്ത് അങ്കണവാടി (നം.110), മീഞ്ചിറ-തിരുവാർപ്പ് അങ്കണവാടി (നം.105), കളരിപ്പറമ്പ് അങ്കണവാടി (നം.98) എന്നീ മൂന്ന് അങ്കണവാടികളിൽ പാനൽ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് അനർട്ട് ലഭ്യമാക്കിയിരുന്നു. S0008/24 പ്രോജക്ട് പ്രകാരം 110-ാം നമ്പർ അങ്കണവാടിയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുക മാത്രമാണ് സ്ഥാപനത്തിന് കൈമാറിയിട്ടുള്ളത്. 2024-25 സാമ്പത്തികവർഷം കളരിപ്പറമ്പ് അങ്കണവാടി (നം.98) യിൽ മാത്രമാണ് പാനൽ സ്ഥാപിച്ചത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃതം കരാർ ചമച്ചിട്ടില്ലായെന്നു കാണുന്നു. കൂടാതെ 29.07.25 ൽ നടത്തിയ ഭൗതീകപരിശോധനയിൽ തുക കൈമാറി നാളിതുവരെയായിട്ടും മറ്റു രണ്ട് അങ്കണവാടികളിലും സോളാർപാനൽ സ്ഥാപിച്ചിട്ടില്ലായെന്ന് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. രേഖാമൂലം മറുപടി ലഭ്യമാക്കുന്നതിനും പരിഹാരനടപടികൾ സ്വീകരിക്കുന്നതിലേക്കുമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.15-30/07/25) മറുപടി ലഭ്യമാക്കിയില്ല. 98-ാം നമ്പർ അങ്കണവാടിയിൽ സ്ഥാപിച്ച സോളാർ പാനൽ പ്രവർത്തിപ്പിക്കുകയും, മറ്റ് രണ്ട് അങ്കണവാടികളിൽ (110, 105) പാനൽ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്യുന്നതു വരെ ഓഡിറ്റു വർഷം ചെലവഴിച്ച 6,60,300/-രൂപ തടസ്സപ്പെടുത്തുന്നു.

**1-26 ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിയ്ക്കൽ -പ്രോജക്ട് നിർവ്വഹിച്ചിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് | S0216/25 ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിയ്ക്കൽ |
| നിർവ്വഹണോദ്യഗസ്ഥ | സെക്രട്ടറി |
| വകയിരുത്തൽ | 15318/- (വികസന ഫണ്ട് പൊതുവിഭാഗം) 100000/- ( തനതുഫണ്ട്) |
| ചെലവ് | 15318/-ബിൽ നം. 14/09.05.24 |

ഗ്രാമപഞ്ചായത്ത് പരിധിയിലെ ആളുകൾക്ക് പ്രത്യേകിച്ച് പ്രായമായവർക്ക് ഡിജിറ്റൽ സാക്ഷരത നൽകുകയാണ് പ്രോജക്ട് ലക്ഷ്യമാക്കിയത്. ആയതിന് വോളന്റിയർമാർക്ക് പരിശീലനം നൽകി, ടി വോളന്റിയർമാർ മുഖാന്തിരം പ്രായമായവർക്ക് പരിശീലനം നൽകുന്നതിനുള്ള തുകയായ 15318/-രൂപ കുടുംബശ്രീ സി ഡി എസ് ചെയർപെഴ്സൺന്റെയും സെക്രട്ടറിയുടെയും സംയുക്ത ബാങ്ക് അക്കൗണ്ടിലേയ്ക്ക് (A/C No.110172903349 CANARA BANK Veloor Branch) ട്രാൻസ്ഫർ ക്രഡിറ്റു ചെയ്തിരുന്നു. പ്രോജക്ട് നിർവ്വഹണത്തിന്റെ തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.32-31/07/25) മറുപടിയായി പ്രോജക്ടിനായി തുക കൈമാറി നിർവ്വഹണം ആരംഭിയ്ക്കുന്ന സമയത്താണ് സംസ്ഥാന സർക്കാർ ഡിജിറ്റൽ കേരളം എന്ന പദ്ധതി പ്രഖ്യാപിച്ച് നടപ്പിൽ വരുത്തിയതെന്നും, ആയതിനാൽ പഞ്ചായത്ത് വിഹിതം ചെലവഴിക്കേണ്ടി വന്നില്ലെന്നും, സി ഡി എസ് ചെയർപെഴ്സണ് കൈമാറിയ തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ അടവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. തുക തിരികെ അടവാക്കി വിശദാംശങ്ങൾ അറിയിക്കുന്നതു വരെ 15318/-രുപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-27 കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച പഠനറിപ്പോർട്ട് പ്രകാരമുള്ള തുടർപ്രവർത്തനങ്ങൾ- വാങ്ങിയ ബേർഡ് ഫീഡർ വിതരണം ചെയ്തിട്ടില്ല**

| | |
|---|---|
| പ്രോജക്ട് | S0149/25 ലോക്കൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച്- പഠനറിപ്പോർട്ട് പ്രകാരമുള്ള തുടർപ്രവർത്തനങ്ങൾ |
| ചെലവ് | 30000/- (വികസനഫണ്ട്- പൊതുവിഭാഗം) ബിൽ നമ്പർ 666/25.03.2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

വേനൽ കാലത്തെ തീവ്രമായ ചൂടും ശുദ്ധജല ലഭ്യതകുറവും മൂലം പക്ഷികൾക്ക് ജലവും ഭക്ഷണവും കിട്ടാതെ അവയുടെ എണ്ണം കുറഞ്ഞ് വരുന്നെന്നും ആയതിനാൽ പൊതു ഇടങ്ങളിൽ തണ്ണീർ പന്തലും ധാന്യങ്ങളും കരുതുന്നത് അവയെ സംരക്ഷിക്കുന്നതിന് സഹായകരമാവും എന്ന് കില തയ്യാറാക്കിയ ലോക്കൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് പഠനറിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ടി റിപ്പോർട്ട് പ്രകാരമുള്ള തുടർപ്രവർത്തനങ്ങൾക്കായി പക്ഷികൾക്ക് ജലവും ഭക്ഷ്യധാന്യവും ഒരുക്കുന്നതിനാവശ്യമായ 45 ബേർഡ് ഫീഡറുകൾ 30,000/- രൂപ ചെലവഴിച്ച് നാട്ടുപച്ച ഇക്കോഷോപ്പിൽ നിന്നും വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഇനങ്ങൾ പൊതു ഇടങ്ങളിൽ സ്ഥാപിക്കാതെ കൗൺസിൽ ഹാളിന് സമീപം സൂക്ഷിച്ചിട്ടുണ്ട്. കുട്ടികൾക്കിടയിൽ ബോധവൽക്കരണ പരിപാടി നടത്തി വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരുന്നതെന്നും നിശ്ചയിച്ച ദിവസം സ്ക്കൂൾ അവധിയായതിനാലാണ് വിതരണം

നടത്താൻ സാധിക്കാഞ്ഞതെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.31/31.07.2025) ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചു. പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നത് വരെ 30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തൽ- മുൻകൂർ കൈപ്പറ്റിയിട്ടും നിർവ്വഹണം ആരംഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിൽ മാലിന്യം സംസ്ക്കരിക്കുന്നതിന് തുമ്പൂർമുഴി മോഡൽ സംവിധാനം ഏർപ്പടുത്തുന്നതിന് 3,20,000/-രൂപ വീതം അടങ്കലിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി ചുവടെ ചേർക്കും പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കി

| ക്രമ നമ്പർ | പ്രോജക്ട് | ചെലവ് തുക | ബിൽ നമ്പർ |
|---|---|---|---|
| 1 | S0288/25 ചെങ്ങളം ഗവ. ഹയർ സെക്കണ്ടറി സ്ക്കൂളിൽ തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ സംവിധാനം | 64000 | 525/31.01.25 44800/- 438/24.12.24 19200/- |
| 2 | S0156/25 SVGP ഹൈസ്ക്കൂളിൽ തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ സംവിധാനം | 64000 | 524 /31.01.25 44800/- 432/24.12.24 19200/- |
| 3 | S0157/25 സെന്റ് ജോസഫ് എൽ പി എസിൽ തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ സംവിധാനം | 64000 | 527/31.01.25 44800/- 436/24.12.24 19200/- |
| 4 | S0326/25 SNDP തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ സംവിധാനം | 64000 | 526/31.01.25 44800/- 434/24.12.24 19200/- |
| | ആകെ | 256000 | |

പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നിർവ്വഹണ ഏജൻസിയായ IRTC PIU മായി കരാറിലേർപ്പെടുകയും അടങ്കൽ തുകയുടെ 20% നിർവ്വഹണ ഏജൻസിക്ക് കൈമാറുകയും ചെയ്തു. 3.12.2024 ൽ സൈറ്റ് കൈമാറിയെങ്കിലും ചെങ്ങളം സ്ക്കൂളിൽ മാത്രമാണ് പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളുള്ളത്. മറ്റ് സ്കൂളുകളിൽ നാളിതുവരെ നിർവ്വഹണം ആരംഭിച്ചിട്ടില്ല. ഏജൻസിയുമായി ഏർപ്പെട്ട കരാർ പ്രകാരം പൂർത്തീകരണ കാലയളവ് 25.05.2025 ൽ അവസാനിച്ചു. മുൻകൂർ കൈപ്പറ്റിയിട്ടും നാളിതുവരെ നിർവ്വഹണം ആരംഭിക്കാത്ത ഏജൻസിക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ രേഖാമൂലം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.8/29.07.2025) മഴയും വെള്ളപ്പൊക്കവും കാരണം സൈറ്റിൽ നിർമ്മാണം ആരംഭിക്കുന്നതിന് കഴിഞ്ഞില്ലെന്ന് IRTC കത്ത് നൽകിയിട്ടുണ്ടെന്നും ആയത് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. മുൻകൂർ കൈപ്പറ്റിയിട്ടും നിർവ്വഹണം ആരംഭിക്കാത്ത ഏജൻസിക്കെതിരെ മരാമത്ത് ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും പ്രോജക്ട് പൂർത്തീകരിക്കാനാവശ്യമായ

തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രോജക്റ്റ് ഫലപ്രാപ്തി കൈവരിച്ചിട്ടില്ലാത്തതിനാൽ 2,56,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 പുല്ലുവെട്ട് യന്ത്രം വാങ്ങൽ - യന്ത്രം നാളിതുവരെ ഉപയോഗിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് | S0110/25 പാതയോരങ്ങൾ വൃത്തിയാക്കുന്നതിന് പഞ്ചായത്തിലേക്ക് പുല്ലുവെട്ട് യന്ത്രം വാങ്ങൽ |
| ചെലവ് | 94500/-, ബിൽ നമ്പർ 783/21.03.2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മാലിന്യമുക്ത തിരുവാർപ്പ് എന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിനായി ഗ്രാമപഞ്ചായത്തിലെ പാതയോരങ്ങൾ വൃത്തിയാക്കുന്നതിനായി റെയ്ഡ്കോയിൽ നിന്നും 435T U2NT ഹോണ്ടയുടെ 3 ബ്രഷ് കട്ടർ വാങ്ങിയിട്ടുണ്ട്. ബ്രഷ് കട്ടർ നാളിതുവരെ ഉപയോഗിക്കാതെ കൗൺസിൽ ഹാളിന് സമീപം സൂക്ഷിച്ചിരിക്കുകയാണ്. യന്ത്രം ഉപയോഗിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം രേഖാമൂലം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.34/31.07.2025) ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകി പുല്ലുവെട്ട് യന്ത്രം ഉപയോഗിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത് എന്നും ശക്തമായ കാലവർഷം മൂലമാണ് പരിശീലനം നൽകാൻ സാധിക്കാഞ്ഞതെന്നും കാലാവസ്ഥ അനുകൂലമായാൽ യന്ത്രം ഉപയോഗിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർനടപടികൾ സ്വീകരിച്ച് യന്ത്രം പ്രയോജനപ്പെടുത്തേണ്ടതാണ്. ആയതു വരെ 94,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 വയോ ക്ലബ് -പന്ത്രണ്ടിന പരിപാടി - കെയർ ഗിവർക്ക് ഹോണറേറിയം നൽകിയതിന് പൂർണമായും വികസനഫണ്ട് ചെലവഴിച്ചു

| | | | | | | |
|---|---|---|---|---|---|---|
| പ്രോജക്റ്റ് നമ്പർ | S0008/25 | | | | | |
| പ്രോജക്റ്റിന്റെ പേര് | വയോക്ലബ്-പന്ത്രണ്ടിന പരിപാടി | | | | | |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സ്.ഡി.എസ് സൂപ്പർവൈസർ | | | | | |
| അടങ്കൽ | വികസന ഫണ്ട് (പൊതു) 112454 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം 200000 | ജില്ലാ പഞ്ചായത്ത് വിഹിതം 400000 | മറ്റുള്ളവ 84000 | ആകെ 796454 | |
| ചെലവഴിച്ച തുക | വികസന ഫണ്ട് (പൊതു) 105454 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം 0 | ജില്ലാ പഞ്ചായത്ത് വിഹിതം 0 | മറ്റുള്ളവ 0 | 105454 | |

ബിൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം., തീയതി | ചെലവഴിച്ച തുക | ഹോണറേറിയം നൽകുന്നതിനായി ചെലവഴിച്ച തുക, മാസം |
|---|---|---|
| 39/12.6.24 | 25,697/- | 25,697/- (04/24, 05/24) |
| 60/15.7.24 | 23,909/- | 12,600/- (06/24) |
| 81/16.8.24 | 19,546/- | 10,387- (07/24) |
| 102/11.9.24 | 15,083/- | 10,839/- (08/24) |
| 127/15.10.24 | 19,861/- | 12,600/- (09/24) |
| 256/9.1.25 | 1358 | |
| | 105454 | 72123 |

ഗ്രാമപഞ്ചായത്തിലെ വയോക്ലബ് പന്ത്രണ്ടിന പരിപാടിക്കായി 2024-25 വർഷം 1,05,454/- രൂപ വികസനഫണ്ട് ചെലവഴിച്ചതിൽ 72,123/- രൂപ കെയർ ഗിവർക്ക് ഹോണറേറിയം നൽകുന്നതിനായിട്ടാണ് ചെലവഴിച്ചത്. 09/2024 വരെ ഹോണറേറിയം കെയർഗിവർ ശ്രീമതി ആശാമോൾ (A/C No.20278456070, SBI) ക്ക് നൽകിയിട്ടുണ്ട്. ബാക്കി തുക ഭക്ഷണവും മറ്റും നൽകുന്നതിനാണ് ചെലവഴിച്ചത്. കെയർ ഗിവർക്ക് സാമൂഹ്യനീതി വകുപ്പിൽ നിന്നും 7,000/- രൂപയും, വികസന ഫണ്ടിൽ നിന്നും 7,000/-രൂപയും ഉൾപ്പടെ പ്രതിമാസം ഹോണറേറിയം ആയി 14,000/-രൂപ നിരക്കിൽ ആണ് നൽകിയിട്ടുള്ളത്. കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 3.10.2024 ലെ SJD/2118/2021-A3 നമ്പർ ഉത്തരവ് പ്രകാരം സായംപ്രഭ ഭവനങ്ങളിലെ കെയർ ഗിവർക്ക് 24-25 സാമ്പത്തിക വർഷം ഹോണറേറിയം നൽകുന്നതിന് 84,000/- രൂപ അനുവദിച്ചതിൽ 42,000/- രൂപ സെക്രട്ടറിയുടെയും, ഐ.സ്.ഡി.എസ് സൂപ്പർവൈസറുടെയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. വയോക്ലബ് പ്രവർത്തനം തടസ്സപ്പെട്ടതിനാൽ 42,000/- രൂപ സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടുള്ളതായും അറിയിച്ചു. 28.05.2022 ലെ സ.ഉ(കൈ)നം.115/2022/തസ്വഭവ ഉത്തരവ് ഖണ്ഡിക 7.1.14.1 പ്രകാരം പകൽ വീടുകളുടെ നടത്തിപ്പിന് കരാർ അടിസ്ഥാനത്തിൽ കെയർഗിവർക്ക് പ്രതിമാസം 7000/- രൂപയിൽ അധികരിക്കാതെ വേതനം നൽകാമെന്ന് പ്രതിപാദിക്കുന്നുണ്ട്. സായംപ്രഭാ ഹോമുകളുടെ കെയർ ഗിവർക്ക് സാമൂഹ്യനീതി വകുപ്പിൽ നിന്നും ലഭിയ്ക്കുന്ന 7000/- രൂപ ഉൾപ്പെടെ 14,000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ ഹോണറേറിയം പൂർണ്ണമായും നൽകിയിരിയ്ക്കുന്നത് വികസനഫണ്ടിൽ നിന്നുമാണ്. കെയർ ഗിവർക്ക് പ്രതിമാസം 14000/- രൂപ നിരക്കിൽ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.37/31.07.2025) 2024 ഒക്ടോബർ വരെ സ്ഥാപനം പ്രവർത്തിച്ചിരുന്നതായും, മെയിന്റനൻസ് വർക്കുമായി ബന്ധപ്പെട്ട് പ്രവർത്തനം തടസ്സപ്പെട്ടതായും, വികസന ഫണ്ടിൽ നിന്നും 30,123/- രൂപ അധികമായി നൽകിയിട്ടുണ്ടെന്നും, അധികമായി നൽകിയ തുക സർക്കാരിലേക്ക് തിരിച്ചടച്ച് ചെല്ലാൻ ഹാജരാക്കികൊള്ളാമെന്നും മറുപടി നൽകി. വികസനഫണ്ടിൽ നിന്നും അധികം ചെലഴിച്ച 30,123/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിയ്ക്കേണ്ടതാണ്.

## 1-31 കരാർ പ്രകാരമുള്ള അളവിൽ പ്രവൃത്തി നടപ്പാക്കിയില്ല- പാർട്ട് ബിൽ നൽകിയ പ്രോജക്ടിന്റെ പെർഫോർമൻസ് ഗ്യാരണ്ടി തിരികെ നൽകി

തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് വിവിധ തോടുകളുടെ ആഴം കൂട്ടലിനായി 2022-23 വർഷം പ്രോജക്ട് തയ്യാറാക്കി (എസ്0013/23). 3526.5 M3 അളവിൽ എർത്ത് വർക്ക് നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുകാരനായ സപ്തമി തമ്പുരാൻ, കുറുവേലിലുമായി കരാറിലേർപ്പെട്ടു (കരാർ നം.18/AE/LSGD/TVP/2022-23/18.01.2023). 2740.76 M3 നിർവ്വഹിച്ചതിന് 2,14,538/- രൂപയുടെ പാർട്ട് ബിൽ കരാറുകാരന് 2023-24 വർഷം നൽകി (ബിൽ നം.334/31.01.2024). പ്രവൃത്തി പൂർത്തിയാക്കുന്നതിന് 2024-25 വർഷത്തെ പദ്ധതിയിൽ ടി പ്രോജക്ട് ഉൾപ്പടുത്തിയില്ല. പ്രോജക്ടിന്റെ പെർഫോർമൻസ് ഗ്യാരണ്ടി 10.03.25 ൽ തിരികെ നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫൈനൽ ബിൽ നൽകാത്ത പ്രോജക്ടിന്റെ പെർഫോർമൻസ് ഗ്യാരണ്ടി തിരികെ നൽകിയത് രേഖാമൂലം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.10/30.07.2025) പ്രവൃത്തി നടപ്പാക്കിയ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രവും പഞ്ചായത്ത് കമ്മിറ്റി തീരുമാനവും പ്രകാരവും പ്രവൃത്തി ക്ലോസ് ചെയ്തതിനാലാണ് പെർഫോർമൻസ് ഗ്യാരണ്ടി തിരികെ നൽകിയതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കുകയോ കരാർ പ്രകാരമുള്ള അളവിൽ നിർവ്വഹിക്കാതെ പ്രവൃത്തി ക്ലോസ് ചെയ്യാനുള്ള സാഹചര്യമോ മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. മരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമായ നടപടിക്രമങ്ങൾക്ക് വിശദീകരണം/രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-32 കുട്ടികൾക്ക് പഠനമുറി - സ്പിൽ ഓവറായി പ്രോജക്ട് ഏറ്റെടുത്തിട്ടും നിർമ്മാണ പ്രവൃത്തി ആരംഭിച്ചില്ല

വാർഷിക പദ്ധതിയുടെ ഭാഗമായി 'കുട്ടികൾക്ക് പഠനമുറി' എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./ പേര് | S0205/2025 കുട്ടികൾക്ക് പഠനമുറി (എസ്. സി വിഭാഗം - സ്പിൽ ഓവർ) |
| ഫണ്ട് അടങ്കൽ/ ചെലവ് | എസ്.സി.പി. 2,00,000/- |
| ചെലവ് ബിൽ നം./ തീയതി | 29/09.05.2024 രൂപ 1,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തിരുവാർപ്പ് സർക്കിൾ |

2023-2024 വാർഷിക പദ്ധതിയിൽ, കുട്ടികൾക്ക് പഠനമുറി (എസ്.സി. വിഭാഗം) എന്ന പ്രോജക്ട് (നം.S00 46/24) പ്രകാരം, മധു എം.ജി, മാലിത്തറ, എന്ന ഗുണഭോക്താവിന്, ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 1(15)/22.02.2024 നമ്പർ തീരുമാനത്തിലെ നിർദ്ദേശാനുസരണം, 1,00,000/- രൂപ മുൻകൂർ ആദ്യഗഡു തുക അനുവദിക്കുകയും, 09/05/2024 തീയതിയിൽ ടിയാൾ ധനസഹായ തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. സ.ഉ.(കൈ)നം.115/2022/തസ്വഭവ/28.05.2022 മാർഗ്ഗരേഖ ഖണ്ഡിക (7.2.13) പ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠനമുറി പദ്ധതിയ്ക്കായി 50,000/- രൂപ മുൻകൂർ നൽകാവുന്നതാണെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, 1,00,000/-രൂപ ആദ്യ ഗഡു അനുവദിച്ച് നൽകിയ നടപടി ക്രമപ്രകാരമല്ല. പഠനമുറി നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.24/30.07.2025), ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 4(1)/09.04.2025 നമ്പർ തീരുമാനം പ്രകാരം, റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്ന മറുപടി ലഭ്യമായിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ നടത്താത്തതിനാൽ, ബന്ധപ്പെട്ട ഗുണഭോക്താവിന് അനുവദിച്ച 1,00,000/- രൂപ തിരികെ ഈടാക്കേണ്ടതാണ്. പദ്ധതി സ്പിൽ ഓവറായി ഏറ്റെടുത്തിട്ടും, തുക കൈപ്പറ്റി ഒരു വർഷത്തിൽ അധികമായി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിനാലും, SCP ഫണ്ട് ഇനത്തിൽ നടത്തിയിട്ടുള്ള 1,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 ഭിന്നശേഷിയുള്ളവരും എന്നാൽ വിദ്യാർത്ഥികൾ അല്ലാത്തവരുമായ ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പും ബത്തയും നൽകി

| പ്രോജക്ട് നമ്പർ | S0004/25 | | | |
|---|---|---|---|---|
| പ്രോജക്ടിന്റെ പേര് | ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും | | | |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സ്.ഡി.എസ് സൂപ്പർവൈസർ | | | |
| അടങ്കൽ | വികസന ഫണ്ട് (പൊതു) 1400000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം 700000 | ജില്ലാ പഞ്ചായത്ത് വിഹിതം 300000 | ആകെ 2400000 |
| ചെലവഴിച്ച തുക | വികസന ഫണ്ട് (പൊതു) 1400000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം 600000 | ജില്ലാ പഞ്ചായത്ത് വിഹിതം 128450 | 2128450 |

ഫയൽ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. 2024-25 വർഷം സ്കോളർഷിപ്പ് നൽകിയ ചുവടെ ചേർക്കും പ്രകാരമുള്ള ഗുണഭോക്താക്കൾ വിദ്യാർത്ഥികളല്ല എന്ന് റേഷൻ രേഖകളിൽ കാണുന്നു. ക്രമ നം. 2, 3 എന്നിവരുടെ അപേക്ഷയിൽ മെന്റൽ ഇൽനെസ് (Mental Illness) എന്നാണ് കാണിച്ചിരിക്കുന്നത്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, വിലാസം | അക്കൗണ്ട് നമ്പർ | തുക (രൂപ) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സുനുകുമാർ, മാഞ്ഞൂർ പുത്തൻപറമ്പിൽ | 39494222013 | 12000/- |
| 2 | രവീന്ദ്രൻ ചെട്ടിയാർ, മുടിയിൽ | 67225985371 | 12000/- |
| 3 | ലതി മോൾ,റജി ജോസഫ്, പുത്തൻപറമ്പിൽ | 67345597052 | 8000/- |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 39/01.08.2025) മറുപടിയായി സ്കൂളിൽ പോകാത്ത മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പ്രായം നോക്കാതെ ധനസഹായം നൽകാമെന്ന് കോർഡിനേഷൻ കമ്മിറ്റി തീരുമാനമുള്ളതായി അറിയിച്ചു. 40 ശതമാനമോ അതിൽ കൂടുതലോ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന **വിദ്യാർത്ഥികൾക്കാണ്** സ്കോളർഷിപ്പും ബത്തയും നൽകേണ്ടത്. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പഠനത്തിനായിട്ടാണ് പ്രോജക്ട് ആവിഷ്ക്കരിച്ചത്. വിദ്യാഭ്യാസ സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകാവുന്നത്. ആയതിനാൽ അനർഹമായി ധനസഹായം നൽകുന്നില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-34 കടിയക്കോൽ മിഠാവലി പാടശേഖരത്തേയ്ക്കുള്ള തോട് നവീകരണവും കലുങ്ക് നിർമ്മാണവും - നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0199/25 |
| ചെലവ് | 1197951 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>1) 498259/-രൂപ (ബിൽ നമ്പർ 582/27.03.2024)<br>2) 699692/-രൂപ (ബിൽ നമ്പർ 483/16.01.2025) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത കടിയക്കോൽ മിഠാവലി പാടശേഖരത്തേയ്ക്കുള്ള തോട് നവീകരണവും കലുങ്ക് നിർമ്മാണവും പദ്ധതിക്ക് 11,97,951/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ള സാഹചര്യത്തിൽ മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭ്യമാക്കിയ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/30.07.2025) മറുപടി നൽകിയില്ല. മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും അനുമതിപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ 11,97,951/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-35 ബയോബിൻ വിതരണ പദ്ധതി - ആസൂത്രണ/ നിർവ്വഹണ ഘട്ടത്തിലെ കാലതാമസം - പദ്ധതി സ്പിൽ ഓവറായി ഏറ്റെടുക്കുന്നു

വാർഷിക പദ്ധതിയുടെ ഭാഗമായി, 'ഉറവിട മാലിന്യ സംസ്ക്കരണ ഉപാധികൾ നൽകൽ' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./ പേര് | S0038/25<br>ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ നൽകൽ |
| | |

| | |
|---|---|
| ഫണ്ട് അടങ്കൽ/ ചെലവ് | ധനകാര്യ കമ്മിഷൻ ഗ്രാന്റ് + ഗുണഭോക്തൃവിഹിതം<br>**അടങ്കൽ:** 1000000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) + 768(തനത് ഫണ്ട്) + 500000(ജില്ലാ പഞ്ചായത്ത് വിഹിതം) + 166752 (ഗുണഭോക്തൃ വിഹിതം)<br>**ചെലവ്:** 408640(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) + 45440 (ഗുണഭോക്തൃ വിഹിതം) |
| ബിൽ നം./ തീയതി | 4,08,640/-രൂപ, നം.693/27.03.2025, |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>ചെങ്ങളം സർക്കിൾ |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 1(1)/28.03.2025 നമ്പർ തീരുമാനം പ്രകാരം തൻവർഷം, 772 ഗുണഭോക്താക്കൾക്ക് ബയോബിന്നുകൾ വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വാർഷിക പദ്ധതിയുടെ ഭാഗമായി വിവിധ വാർഡുകളിലെ ഗുണഭോക്താക്കൾക്ക്, ബയോബിൻ വിതരണം ചെയ്യുന്നതിലേക്കായി ലഭ്യമായ ക്വട്ടേഷനുകളിൽ ലോവസ്റ്റ് റേറ്റ് കോട്ട് ചെയ്ത, റെയിഡ്കോ കേരള ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷന് ഭരണസമിതിയുടെ 2(3)/24.02.2025 നമ്പർ തീരുമാനം പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ടി സ്ഥാപനം സമയബന്ധിതമായി ബിന്നുകൾ ലഭ്യമാക്കിയില്ലെന്ന കാരണത്താൽ, ഭരണസമിതിയുടെ 2(2)/21.03.2025 നമ്പർ തീരുമാനം പ്രകാരം, പ്രസ്തുത ക്വട്ടേഷനും അനുബന്ധ കരാറുകളും റദ്ദ് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ബയോ ബിന്നിന് യൂണിറ്റ് കോസ്റ്റ് 1419/- രൂപ പ്രകാരം, ശാന്ത പോളിമേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ ഭരണസമിതിയുടെ 2(2)/22.03.2025 നമ്പർ തീരുമാനം പ്രകാരം അംഗീകാരം നൽകുകയും, വർക്ക് ഓർഡർ (No.VEO/TVR/02/2025/25.03.2025) നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യൂണിറ്റ് കോസ്റ്റിന്റെ 10% ഗുണഭോക്തൃവിഹിതവും, ധനകാര്യ കമ്മീഷൻ ഗ്രാന്റും ഉൾപ്പെടെ, 320 ബയോ ബിന്നുകൾക്കായി ആകെ 4,54,080/- രൂപ, ശാന്ത പോളിമേഴ്സ് ലിമിറ്റഡിന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട് (A/C No.HDFC-50200107265808). തൻവർഷം, 355 ഗുണഭോക്താക്കളിൽ നിന്നും, 142/-രൂപ പ്രകാരം, 50,410/-രൂപ ഗുണഭോക്തൃവിഹിതമായി ഈടാക്കിയിട്ടുണ്ട്. 355 ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടവാക്കിയിട്ടും, 320 ബയോ ബിന്നുകളുടെ ഗുണഭോക്തൃവിഹിതം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 31.03.2025 ൽ 4,970/-രൂപ (35@142) മുൻകൂറായി ഗുണഭോക്തൃവിഹിതം ഈടാക്കിയെങ്കിലും, 35 ഗുണഭോക്താക്കൾക്ക് ബിന്നുകൾ വിതരണം ചെയ്യാതിരുന്നതിന്റെയും, ടി തുക തനത് ഫണ്ടിൽ നിലനിർത്തിയതിന്റെയും, സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.25/30.07.2025), വിതരണക്കാർക്ക് യഥാസമയം ബിന്നുകൾ എത്തിക്കാൻ സാധിക്കാതിരുന്നതിനാലും, സാമ്പത്തിക വർഷം അവസാനിച്ചതിനാലും, വിതരണം ചെയ്ത ബിന്നുകളുടെ എണ്ണത്തിന് ആനുപാതികമല്ലാതെ, 31.03.2025 തീയതി പ്രാബല്യത്തിൽ അധികമായി കൈപ്പറ്റിയ ഗുണഭോതൃവിഹിതം തനത് ഫണ്ടിൽ നിലനിർത്തേണ്ട സാഹചര്യം ഉണ്ടായെന്നും, ടി പദ്ധതി സ്പിൽഓവറായി തുടരുന്നതിനാൽ, ശേഷിക്കുന്ന തുക 2025-2026 വർഷം ചെലവഴിക്കുന്നതാണെന്നും, 31.03.2025 തീയതി പ്രാബല്യത്തിൽ 320 ബിന്നുകൾ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും, നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട്, ഭരണ സമിതിയുടെ 2(3) നമ്പർ തീരുമാനം പ്രകാരം 24.02.2025 തീയതിയിൽ മാത്രമാണ് ആദ്യ ക്വട്ടേഷന് അംഗീകാരം നൽകുന്നത്. സാമ്പത്തിക വർഷം അവസാനിക്കാറാകുമ്പോൾ മാത്രം പദ്ധതി നിർവ്വഹണ നടപടികൾ സ്വീകരിക്കുന്നതിനാൽ, വിതരണക്കാർക്ക് അതത് സാമ്പത്തിക വർഷം തന്നെ ബിന്നുകൾ വിതരണം ചെയ്യാൻ സാധിക്കാതെ വരുകയും, ഗുണഭോക്തൃവിഹിതം അടവാക്കിയിട്ടും എല്ലാ ഗുണഭോക്താക്കൾക്കും

ബിന്നുകൾ 31.03.2025 തീയതി പ്രാബല്യത്തിൽ വിതരണം ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്യുന്നു. അതിനാൽ പദ്ധതി സ്പിൽഓവറായി ഏറ്റെടുക്കേണ്ട സാഹചര്യം ഉണ്ടാകുകയും ചെയ്യുന്നു. തുടർ വർഷങ്ങളിൽ, പദ്ധതി ആസൂത്രണ/നിർവ്വഹണ ഘട്ടത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും, ഉചിതമായ സാഹചര്യത്തിൽ മാത്രം പദ്ധതി സ്പിൽ ഓവറായി ഏറ്റെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

**1-36 പഞ്ചായത്തിന് പൊതു കളിസ്ഥലം നിർമ്മാണം- ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല**

| | |
|---|---|
| പ്രോജക്ട് | S0257/25 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| വകയിരുത്തൽ | 107797 (തനതു ഫണ്ട്) |
| ചെലവ് | 99,309/- രൂപ (ബിൽ നം. 435/27.2.2025) |

ഗ്രാമപഞ്ചായത്തിന് കളിസ്ഥലം നിർമ്മിക്കുന്നതിന് 99,309/- രൂപ ചെലവഴിച്ചിട്ടുണ്ട് . കളിസ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. സ്ഥലം പഞ്ചായത്ത് ഉടമസ്ഥതയിലാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.11/30.07.2025) പുറമ്പോക്ക് ഭൂമിയിൽ നിർമ്മാണം നടത്തുന്നതിന് വില്ലേജ് ഓഫീസർ അനുമതി നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. കളിസ്ഥലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-37 ഉപകരണങ്ങൾ വാങ്ങിയിട്ടും വനിതാ വെൽനെസ്സ് സെന്റർ- പ്രവർത്തനം ആരംഭിച്ചില്ല**

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ വൈ.എം.എ. ലൈബ്രറി കെട്ടിടത്തിൽ നിലവിൽ വെൽനെസ്സ് സെന്റർ (ഓപ്പൺ ജിം) പ്രവർത്തിക്കുന്നുണ്ട്. 2024-25 വർഷം വനിതകൾക്ക് വെൽനെസ്സ് പ്രവർത്തനങ്ങൾക്കായി രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെങ്ങളത്ത് വെൽനെസ്സ് സെന്റർ ആരംഭിക്കുന്നതിനും, വൈ.എം.എ. ലൈബ്രറിയിൽ പ്രവർത്തിക്കുന്ന വെൽനെസ്സ് സെന്ററിലെ ട്രയിനറുടെ ഹോണറേറിയം നൽകുന്നതിനായിട്ടാണ് പ്രോജക്ടുകൾ നടപ്പിലാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | S0220/25 വനിതകൾക്ക് വെൽനെസ്സ് സെന്റർ | | |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സ്.ഡി.എസ് സൂപ്പർവൈസർ | | |
| അടങ്കൽ | വികസന ഫണ്ട് (പൊതു) 248003 | ജില്ലാപഞ്ചായത്ത് വിഹിതം 262642 | ആകെ 510645 |
| ചെലവഴിച്ച തുക | വികസന ഫണ്ട് (പൊതു) 248003 | ജില്ലാപഞ്ചായത്ത് വിഹിതം 262642 | 510645 |
| ബിൽ നമ്പർ | 248003രൂപ, 11/09.05.2024 | BRN No.24080252015700 431688/19.7.24. 12095/-രൂപ. BRN No.24080252015700 | 510645 |

| | | | | |
|---|---|---|---|---|
| | | | 431675/19.7.24. 250547/-രൂപ. | |

ചെങ്ങളത്ത് വെൽനെസ്സ് സെന്റർ സ്ഥാപിക്കുന്നതിന് ബോഡി പ്ലസ്, സ്പോർട്ട്സ് & ഫിറ്റ്നസ് സ്റ്റോർ, ദേവ്സ് മാനർ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.CA/309/22.03.2024 പ്രകാരം 4,97,850/- രൂപ ചെലവഴിച്ച് താഴെ പറയും പ്രകാരം വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | എലിപ്റ്റിക്കൽ ക്രോസ് ട്രെയിനർ | 1 | 39450 |
| 2 | മൾട്ടി ചെസ്റ്റ് പ്രസ്സ് | 2 | 88200 |
| 3 | മൾട്ടി ടിസ്റ്റർ | 2 | 25800 |
| 4 | മൾട്ടി ലെഗ് പ്രസ്സ് | 2 | 87800 |
| 5 | ഡമ്പ് ബെൽസ് സ്റ്റാന്റ് (സ്മാൾ) | 2 | 21600 |
| 6 | ബാർബെൽസ് | 2 | 12980 |
| 7 | ലെഗ് എക്സ്റ്റൻഷൻ | 2 | 79980 |
| 8 | ഫ്ളാറ്റ് ബഞ്ച് | 2 | 15800 |
| 9 | സ്പിൻ ബൈക്ക് | 1 | 21900 |
| 10 | എബി കിംഗ് പ്രോ | 2 | 11800 |
| 11 | എക്സർസൈസ് സൈക്കിൾ | 1 | 14000 |
| 12 | ഡമ്പ് ബെൽസ് | 30Kg | 5550 |
| 13 | വെയിറ്റ് പ്ലേറ്റ്സ് | 66kg | 12210 |
| 14 | ബാർബെൽസ് | 9 Ft | 3000 |
| 15 | പുഷപ്പ് ബാർ | 1 | 650 |
| 16 | വെയിങ്ങ് മെഷീൻ | 1 | 1450 |
| 17 | ജിം ഫ്ലോർ മാറ്റ് | 64 | 55680 |
| ആകെ | | | 497850 |

ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ചെങ്ങളത്ത് വെൽനെസ് സെന്റർ പ്രവർത്തനം ആരംഭിച്ചതായി കാണുന്നില്ല.

2)

| പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | S0011/25, വനിതകൾക്ക് വെൽനെസ്സ് സെന്റർ | | | |
|---|---|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സ്.ഡി.എസ് സൂപ്പർവൈസർ | | | |
| അടങ്കൽ | വികസന ഫണ്ട് (പൊതു) 130000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം 250000 | ജില്ലാപഞ്ചായത്ത് വിഹിതം 500000 | ആകെ 880000 |
| ചെലവഴിച്ച തുക | വികസന ഫണ്ട് (പൊതു) 111,244/- രൂപ | ബ്ലോക്ക് പഞ്ചായത്ത് വിഹിതം 0 | ജില്ലാപഞ്ചായത്ത് വിഹിതം 0 | 111244/- രൂപ |

ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ബിൽ നം., തീയതി | തുക | ഹോണറേറിയം നൽകിയ മാസം |
|---|---|---|---|
| 1 | 36/7.6.24 | 15000 | 05/24 |

| | | | |
|---|---|---|---|
| 2 | 48/2.7.24 | 15000 | 06/24 |
| 3 | 54/5.7.24 | 15000 | 04/24 |
| 4 | 82/16.8.24 | 14032 | 07/24 |
| 5 | 103/11.9.24 | 14516 | 08/24 |
| 6 | 146/4.11.24 | 13919 | 09/24 |
| 7 | 179/6.12.24 | 13500 | 10/24 |
| 8 | 257/9.1.25 | 10277 | 11/24 |
| ആകെ | | 111244 | |

വൈ.എം.എ ലൈബ്രറിയിൽ പ്രവർത്തിക്കുന്ന വെൽനെസ്സ് സെന്ററിലെ ട്രയിനറുടെ ഹോണറേറിയം (പ്രതിമാസം 15000/-രൂപ) ശ്രീമതി ആനന്ദ റെജിക്ക് നൽകുന്നതിനായിട്ടാണ് 1,11,244/- രൂപ വികസന ഫണ്ട് ചെലവഴിച്ചത്. 6 മാസത്തേക്കാണ് (2/03/24 മുതൽ 27/8/24 വരെ) ട്രയിനറെ നിയമിച്ചതെങ്കിലും തുടർന്നും ഹോണറേറിയം നൽകി വരുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.36/31.07.2025) മറുപടിയായി ചെങ്ങളം വായനശാലയിൽ വെൽനെസ് സെന്റർ ആരംഭിക്കാനുള്ള കെട്ടിടത്തിന്റെ ഭിത്തി മറയ്ക്കുന്നതിനും, ഇലക്ട്രിഫിക്കേഷൻ ചെയ്യുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ പ്രോജക്ട് വച്ചിട്ടുള്ളതും, ടെണ്ടർ നടപടി പൂർത്തീകരിച്ചതായും, പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണെന്നും, വെൽനെസ്സ് സെന്ററിലെ ട്രയിനറുടെ സേവനം ആവശ്യമുള്ളതിനാൽ കമ്മിറ്റി തീരുമാന പ്രകാരമാണ് ട്രയിനറുടെ കാലാവധി പുതുക്കി നൽകിയതെന്നും അറിയിച്ചു. സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ 6 മാസത്തിൽ കൂടുതൽ ശമ്പളമോ, ഹോണറേറിയമോ നൽകാൻ പാടുള്ളതല്ല. 6 മാസത്തിൽ കൂടുതൽ നൽകിയ ഹോണറേറിയത്തിന് സർക്കാർ അനുമതി ഇല്ലാത്തതിനാൽ അധികമായി ചെലവഴിച്ച 23,777/- രൂപ (13500+10277) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭൗതിക സാഹചര്യം സജ്ജമാക്കുന്നതിന് മുമ്പ് ഉപകരണങ്ങൾ വാങ്ങിയത് ശരിയായ നടപടിയല്ല. ചെങ്ങളത്ത് വെൽനെസ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 4,97,850/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വെൽനെസ്സ് സെന്റർ പ്രവർത്തനം ആരംഭിക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതും, ട്രയിനറുടെ ഹോണറേറിയം തുടർന്നും വികസന ഫണ്ടിൽ നിന്നും നൽകുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതുമാണ്.

## 1-38 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം ആരംഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് | നം.S0060/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | 4,00,000/- രൂപ (പദ്ധതി വിഹിതം എസ്.സി.പി.) |
| ചെലവ് | 1,00,000/- രൂപ |
| ബിൽ നം. | 579/12.2.25, 50,000/-രൂപ<br>662/6.3.25, 50,000/-രൂപ |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട രണ്ട് കുട്ടികൾക്ക് വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം പഠനമുറി നിർമ്മാണത്തിനായി താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേര്, വിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | പൂജാകൃഷ്ണ വി, വലിയപാടത്ത് വീട്, തിരുവാർപ്പ് | 50000 |
| | | |

| | | |
|---|---|---|
| 2 | അഭിരാം രാജേഷ്, പുതിയേരി ചിറ, തിരുവാർപ്പ് | 50000 |

മേൽ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.30/31.07.2025) പൂജാകൃഷ്ണ വി, എന്ന ഗുണഭോക്താവ് നിലവിൽ പണി പൂർത്തീകരിച്ചെന്നും വാല്യുവേഷൻ എടുത്ത് ബാക്കി തുക നൽകുന്നതാണെന്നും, അഭിരാം രാജേഷ് എന്ന വ്യക്തി 2025 ഡിസംബർ 31 നകം പണി പൂർത്തീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പഠനമുറി പൂർത്തിയാക്കി രേഖകൾ ഹാജരാക്കുന്നത് വരെ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 ഒരു വർഷം ഒരു ലക്ഷം തൊഴിൽ പദ്ധതി - ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിൽ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടില്ല

വാർഷിക പദ്ധതിയുടെ ഭാഗമായി, ഒരു വർഷം ഒരു ലക്ഷം തൊഴിൽ' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./ പേര് | S0034/25 ഒരു വർഷം ഒരു ലക്ഷം തൊഴിൽ (വ്യക്തിഗതം - വനിത) |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ)+ തനത് ഫണ്ട് |
| അടങ്കൽ | 16,20,000/-രൂപ |
| ചെലവ് | 9,90,000/- രൂപ |
| ബിൽ നം./ തീയതി | 540/17.03.2025 (4,50,000/-)<br>550/18.03.2025 (1,80,000/-)<br>621/24.03.2025 (2,70,000/-)<br>677/26.03.2025 (90,000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെങ്ങളം സർക്കിൾ |

വനിതകൾക്ക് സ്വയംതൊഴിൽ/ സംരംഭ പുനരുജ്ജീവന സമാശ്വാസം (റിവൈവൽ ഫണ്ട്) അനുവദിച്ച് നൽകിയ ഇനത്തിൽ വികസനഫണ്ട് (ജനറൽ) വിഭാഗത്തിൽ 9,90,000/- രൂപ (11 ഗുണഭോക്താക്കൾക്ക് 90,000/- രൂപ പ്രകാരം) ചെലവഴിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് ലൈസൻസോട് കൂടി പ്രവർത്തിച്ചിരുന്നതോ, പ്രവർത്തിച്ചു വരുന്നതോ ആയ സംരംഭങ്ങളുടെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധി മൂലമോ, മറ്റു ദുരന്തകാരണങ്ങളാലോ മന്ദീഭവിച്ചിട്ടുണ്ടെങ്കിൽ ഗുണഭോക്താക്കൾക്ക് പുനരുജ്ജീവന സമാശ്വാസ പദ്ധതിക്ക് അപേക്ഷിക്കുന്നതും, തുക (പ്രോജക്ട് കോസ്റ്റിന്റെ 75% പരമാവധി 90,000/-രൂപ) അനുവദിക്കാവുന്നമാണെന്ന് സബ്സിഡി മാർഗരേഖ G.O.(Rt)No.115/2022/LSGD/28.05.2022 (ഖ. 6.5.2) പ്രകാരം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ സംരംഭവുമായി ബന്ധപ്പെട്ട്, ഗ്രാമപഞ്ചായത്ത് അനുവദിച്ചിട്ടുള്ള ലൈസൻസിന്റെ പകർപ്പ് ബന്ധപ്പെട്ട പ്രോജക്റ്റ് ഫയലിൽ ലഭ്യമായില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/വിലാസം | വ്യവസായം/ വ്യാപാരം/ പേര് | അനുവദിച്ച് നൽകിയ സബ്സിഡി തുക (Rs.) |
|---|---|---|---|
| 1) | വിജയമ്മ ഗോപാലകൃഷ്ണൻ, നെടുന്തറ (XV/137), തിരുവാർപ്പ് | സച്ചൂസ് പവർ ടൂൾസ്, തിരുവാർപ്പ് പവർ ടൂൾസ് ഹയറിംഗ് | 90,000/- |

| | | | |
|---|---|---|---|
| | | സർവീസസ് | |
| 2) | നിഷാമോൾ. എം. എസ്., പത്തിൽ പുത്തൻപുര (V/102), കുമ്മനം | നൈറ്റി കളക്ഷൻസ്, ചെങ്ങളം<br>ടൈലറിംഗ് & ഗാർമെൻറ്സ് | 90,000/- |
| 3) | മോനിഷ മോഹൻ, കൊച്ചുപാലത്തറ (XVI/16), തിരുവാർപ്പ് | ഹുദാ ഫാഷൻസ്, കുമ്മനം<br>ടെക്സ്റ്റയിൽ ബിസിനസ്സ് | 90,000/- |
| | ആകെ | | 2,70,000/- |

2023-2024 & 2024-2025 വർഷം ഗ്രാമപഞ്ചായത്ത് അനുവദിച്ച് നൽകിയ, IFTE&OS ലൈസൻസിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/30.07.2025), ലൈസൻസ് പകർപ്പ് ലഭ്യമായിട്ടില്ലെന്നും, ബന്ധപ്പെട്ട കക്ഷികൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് ലൈസൻസോട് കൂടി പ്രവർത്തിച്ചിരുന്നതോ, പ്രവർത്തിച്ചു വരുന്നതോ ആയ സംരംഭങ്ങൾക്കാണ് സമാശ്വാസം (റിവൈവൽ ഫണ്ട്) അനുവദിച്ച് നൽകുവാൻ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്ന ലൈസൻസ് പകർപ്പിന്റെ അഭാവത്തിൽ, ഗുണഭോക്താവിന്റെ ധനസഹായം കൈപ്പറ്റുന്നതിലെ അർഹത എപ്രകാരം നിർണ്ണയിക്കപ്പെട്ടുവെന്നത് വ്യക്തമല്ല. ബന്ധപ്പെട്ട കക്ഷികൾ നടത്തുന്ന വ്യാപാരം/വ്യവസായത്തിന്റെ 2023-2024 & 2024-2025 വർഷങ്ങളിലെ IFTE&OS ലൈസൻസിന്റെ പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ, വികസന ഫണ്ട് - ജനറൽ വിഭാഗത്തിൽ നടത്തിയിട്ടുള്ള 2,70,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലൈസൻസിന്റെ പകർപ്പ് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ അറിയിക്കുന്നതാണ്.

## 1-40 ഗ്രാമപത്രം പ്രസിദ്ധീകരണം- വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് | S0173/25 ഗ്രാമപത്രം പ്രസിദ്ധീകരണം |
| ചെലവ് | വികസനഫണ്ട്-25000/- രൂപ (ബിൽ നം. 588/21.3.25), തനത് ഫണ്ട് 17480/- രൂപ (ബിൽ നം. 600/22.3.25) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളും നേട്ടങ്ങളും ഉൾപ്പെടുത്തി ഗ്രാമപത്രം പ്രസിദ്ധീകരിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി വികസനഫണ്ടിൽ നിന്നും 25,000 രൂപയും തനത് ഫണ്ടിൽ നിന്നും 17,480/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (സാധാ)നം.1452/2020 തസ്വഭവ 04/08/2020 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിന് തനത് ഫണ്ടിൽ നിന്നുമാണ് തുക ചെലവഴിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് പ്രത്യേക ഉത്തരവ് ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(നം.35/31.07.2025) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് തയ്യാറാക്കിയതെന്ന് മറുപടി ലഭ്യമാക്കി. സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 25,000/-രൂപ

തനത് ഫണ്ടിൽ നിന്നും റീകൂപ്പ് ചെയ്ത് സർക്കാരിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്. അതുവരെ 25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 മരാമത്ത് പ്രവൃത്തികളുടെ ഇൻഷുറൻസ് രേഖകൾ ഹാജരാക്കിയില്ല

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ വ്യവസ്ഥകൾ പ്രകാരം കരാറുകാരൻ കരാർ തുകയുടെ 0.5% മൂല്യത്തിനുള്ള ഇൻഷുറൻസ് എടുക്കണമെന്നും പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം ആയത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കണമെന്നും സെലക്ഷൻ നോട്ടീസിലെ 6-ാം വ്യവസ്ഥയിൽ പറയുന്നു. (ഇൻഷുറൻസ് ഏറ്റവും കുറഞ്ഞത് 200000/- രൂപ, പരമാവധി 500000/- രൂപ). ഇൻഷുറൻസ് രേഖകൾ സമർപ്പിക്കാത്ത പക്ഷം കരാർ തുകയുടെ 0.2% ബിൽ തുകയിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നു. 2024-25 വർഷം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫയലുകളിൽ ബന്ധപ്പെട്ട പ്രവൃത്തികളുടെ റിസ്ക് കവറേജുമായി ബന്ധപ്പെട്ട് കരാറുകാർ എടുത്തിട്ടുള്ള ഇൻഷുറൻസ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല. തൻവർഷം നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(നം.13/30.07.2025) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. ഇൻഷുറൻസ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-42 കുട്ടികൾക്ക് ദുരന്ത നിവാരണ പരിശീലനവും നീന്തൽ പരിശീലനവും - നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് | S0172/25 |
| ഫണ്ടിനം | വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | 50000/- ബിൽ നം. 809/24.03.2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

കുട്ടികൾക്ക് ദുരന്ത നിവാരണ പരിശീലനവും നീന്തൽ പരിശീലനവും നൽകാൻ ആവിഷ്ക്കരിച്ച മേൽ പ്രോജക്ട് പ്രകാരം 50,000/- രൂപ അബ്ദുൾ കലാം ആസാദ് എന്ന ആളുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.57051857156) കൈമാറിയിട്ടുണ്ട്. നീന്തൽ പരിശീലനം നടത്തിയ തീയതികൾ, പങ്കെടുത്ത കുട്ടികളുടെ ഹാജർ, കുട്ടികളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ ക്വട്ടേഷൻ പരിശീലനം പൂർത്തിയാക്കിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(നം.42/01.08.2025) പുറത്ത് നീന്തൽ നടത്താൻ 5,000/- രൂപയാണ് ചെലവെന്നും അബ്ദുൾ കലാം ആസാദ് നടത്തുന്ന സ്ഥാപനം ഒരാൾക്ക് 1,000/- രൂപ മാത്രം ഈടാക്കിയാണ് പരിശീലനം നത്തുന്നതെന്നും പങ്കെടുത്ത കുട്ടികളുടെ ഹാജർ സ്ഥാപനത്തിൽ നിന്നും വാങ്ങി ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. പ്രോജക്ടിന്റെ ഫലപ്രാപ്തി പരിശോധിച്ച് ഉറപ്പാക്കാതെ തുക കൈമാറിയത് ശരിയായ നടപടിയല്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-43 ബാലസഭ- നിർവ്വഹണത്തിലെ അപാകതൾ

| | |
|---|---|
| പ്രോജക്ട് | S0189/25 ബാലസഭ പ്രവർത്തനങ്ങൾ |
| ഫണ്ടിനം | വികസന ഫണ്ട് (പൊതു വിഭാഗം) |
| | |

| | |
|---|---|
| ചെലവ് | 50000/-<br>(30900/-രൂപ,<br>ബിൽ നമ്പർ<br>630/24.03.2025 , 19100/-<br>രൂപ,<br>ബിൽ<br>നമ്പർ.391/17.02.2025) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ബാലസഭ പ്രവർത്തനങ്ങൾക്കായി ആവിഷ്ക്കരിച്ച മേൽ പ്രോജക്ട് പ്രകാരം 19,100/- രൂപ വ്യക്തിത്വ വികസന പരിശീലനത്തിനും 30,900/- രൂപ വിനോദയാത്ര സംഘടിപ്പിച്ചതിനും അബ്ദുൾ കലാം ആസാദ് എന്ന ആളുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം വിനോദയാത്ര നടത്തിയത് 08.05.2025 ലാണ്. ജി. ഒ. പി.നം.177/2006/ഫിൻ 12.04.2006 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ മുൻകൂറായി പിൻവലിക്കാൻ പാടില്ല എന്ന് വ്യക്തമാക്കുന്നുണ്ട്. പങ്കെടുത്ത കുട്ടികളുടെ ഹാജർ, സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ ക്വട്ടേഷൻ തുടങ്ങിയ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് 56 കുട്ടികളെ ഉൾപ്പെടുത്തി 08.05.2025 ൽ ഏകദിന വിജ്ഞാന യാത്ര നടത്തിയിരുന്നു ദുരന്തനിവാരണ സന്നദ്ധപ്രവർത്തകനായ അബ്ദുൾ കലാം ആസാദ് എന്ന ആളുടെ ജീവൻ രക്ഷാ അക്കാഡമി മുഖാന്തിരമാണ് പരിപാടി സംഘടിപ്പിച്ചതെന്ന് മറുപടി ലഭ്യമാക്കി. നടപടിക്രമങ്ങൾ പാലിച്ച് പ്രോജക്ടുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-44 ഗ്രാമ പഞ്ചായത്ത് കൗൺസിൽ ഹാൾ നവീകരണം- അപാകതകൾ പരിഹരിയ്ക്കുന്നതിൽ കാലതാമസം

<table>
<tr><td>പ്രോജക്ട്</td><td colspan="2">S0299/25<br>ഗ്രാമപഞ്ചായത്ത് കൗൺസിൽ ഹാൾ നവീകരണം.</td></tr>
<tr><td>നിർവ്വഹണോദ്യോഗസ്ഥ</td><td colspan="2">സെക്രട്ടറി</td></tr>
<tr><td>വകയിരുത്തൽ</td><td colspan="2">500000/-(ധനകാര്യ കമ്മിഷൻ ഗ്രാന്റ് )<br>1164213/-(തനതു ഫണ്ട്)</td></tr>
<tr><td rowspan="3">ചെലവ്</td><td></td><td>ബിൽ നം./ തീയതി</td></tr>
<tr><td>500000/-</td><td>514/14.3.2025</td></tr>
<tr><td>664213/-</td><td>612/24.03.2025</td></tr>
</table>

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള കൗൺസിൽ ഹാൾ നവീകരിച്ച് ഇന്റീരിയർ വർക്കും ഫർണിഷിംഗും ഉൾപ്പെടെയുള്ള പ്രവൃത്തികൾ ആർട്ട്കോ എന്ന അക്രഡിറ്റഡ് ഏജൻസി മുഖേനയാണ് നടപ്പിലാക്കിയത്. പ്രോജക്ട് നിർവ്വഹണം ഓഡിറ്റു വർഷം പൂർത്തീകരിച്ച് അവസാന ബില്ലും ആർട്ട്കോയ്ക്ക് നൽകിയിരുന്നു. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റു വേളയിലെ ഭൗതിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. False Roofing -ൽ പലയിടത്തും വിള്ളൽ ഉണ്ടായിട്ടുണ്ട്. അതുവഴി വെള്ളം ഊർന്നുവീണ് കൗൺസിൽ ഹാൾ ചോരുന്ന സാഹചര്യം ഉണ്ടാകുന്നു.

2. ചുവരുകളിലെ Plastering നടത്തിയ പല ഭാഗങ്ങളും ചുവരിന്റെ അടിവശത്തുനിന്നുള്ള ഊർപ്പം കയറി പൊടിഞ്ഞു വീഴുന്ന അവസ്ഥയിലാണ്.

3. Perfomance Guarantee Period കഴിയുന്നതിനു മുൻതന്നെ വൻ തുക ചെലവഴിച്ചു സ്പിൽ ഓവർ ആയി നിർമ്മിച്ച കൗൺസിൽ ഹാൾ അറ്റകുറ്റപ്പണികൾ (മെയിന്റനൻസ്) ചെയ്യുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നു.

മേൽ സൂചിത അപാകതകൾ ഓഡിറ്റു സമാപനയോഗത്തിൽ ചർച്ചയ്ക്കു വിധേയമാക്കിയപ്പോൾ കൗൺസിൽഹാളിനു മുകളിലെ മേൽക്കൂര പൊട്ടിയതിനാലാണ് ചോർച്ച ഉണ്ടായതെന്നും, ആർട്ട്കോയെ അറിയിച്ച് അടിയന്തിര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിയ്ക്കുന്നതാണെന്നും പ്രസിഡന്റും, സെക്രട്ടറിയും മറുപടി നൽകി.

## 1-45 ലൈഫ് ഭവന പദ്ധതി - നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് മുൻ വർഷങ്ങളിൽ ധനസഹായം കൈപ്പറ്റിയിട്ടും, ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്റ്റേജ് | അനുവദിച്ച് നൽകിയ തുക | അവസാനം തുക അനുവദിച്ച് നൽകിയ തീയതി | ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.26/30.07.2025 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|
| 1) | തങ്കമ്മ ദാമോദരൻ കൊച്ചുപറമ്പിൽ (VII) | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല | 40,000/- | 10.05.2023 | ഭരണസമിതിയുടെ 21 (1)/ 13.06.2025 നം. തീരുമാനം പ്രകാരം 40,000/- രൂപ തിരികെ അടവാക്കുവാൻ ടി യാൾ സന്നദ്ധത അറിയിച്ചിട്ടുണ്ട്. |
| 2) | വിനയരാജ് മാന്തറയിൽ (XIII) | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല | 40,000/- | 01.02.2023 | രോഗാവസ്ഥ/ പ്രതികൂല കാലാവസ്ഥ എന്നിവ മൂലം നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. കക്ഷിക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് |
| 3) | പുഷ്പ മോഹനൻ ഉമ്പിക്കാട്ട് (VII) | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല | 40,000/- | 01.02.2023 | കക്ഷിക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് |
| 4) | അമ്മിണി ബാബു പതിനഞ്ചിൽ പറമ്പിൽ (XII) | ബേസ്മെന്റ് | 2,00,000/- | 15.12.2022 | തുടർ പ്രവർത്തനങ്ങൾ ചെയ്യുവാൻ കക്ഷി സന്നദ്ധത അറിയിച്ചിട്ടുണ്ട് |
| 5) | ജിജിമോൾ വട്ടക്കയം (XII) | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല | 40,000/- | 24.01.2022 | തുടർ പ്രവർത്തനങ്ങൾ ചെയ്യുവാൻ കക്ഷി സന്നദ്ധത അറിയിച്ചിട്ടുണ്ട് |
| 6) | ദീപ മോൾ മാധവശ്ശേരി കോളനി (XIV) | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല | 40,000/- | 24.08.2020 | ഫണ്ടിന്റെ അഭാവം മൂലം നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. കക്ഷിക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് |
| 7) | ബീന മോൾ രാജാലയം (XII) | നിർമ്മാണ പ്രവൃത്തി | 40,000/- | 24.08.2020 | ഫണ്ടിന്റെ അഭാവം മൂലം നിർമ്മാണ |

| | | | | | |
|---|---|---|---|---|---|
| | | ആരംഭിച്ചിട്ടില്ല | | | പ്രവൃത്തി ആരംഭിച്ചിട്ടില്ല. കക്ഷിക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് |
| 8) | പൊന്നമ്മ തോമസ് ചിറയിൽ (II) | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല | 40,000/- | 05.09.2023 | കക്ഷിക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് |
| 9) | സുകുമാരി രാജൻ തട്ടാർകാട്ടിൽ ചിറ (XIV) | ലിന്റൽ ലെവൽ ഭാഗികം | 2,00,000/- | 22.02.2023 | ഫണ്ടിന്റെ അഭാവം മൂലം നിർമ്മാണ പ്രവൃത്തി തുടരാൻ കഴിയുന്നില്ല |
| 10) | അമ്മിണി രാജു പ്ലാക്കിച്ചിറയിൽ | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല | 40,000/- | 19.05.2022 | തുടർ പ്രവർത്തനങ്ങൾ ചെയ്യുവാൻ കക്ഷി സന്നദ്ധത അറിയിച്ചിട്ടുണ്ട്. |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ സാഹചര്യം സംബന്ധിച്ചും, നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം സംബന്ധിച്ചും, ലൈഫ് മിഷൻ കാനറാ ബാങ്ക് അക്കൗണ്ട് (A/C No.110044447082), 31/03/2025 -ലെ നീക്കിയിരിപ്പ് തുക 8,93,564/- രൂപയാണെന്നിരിക്കെ, വായ്പ തുക ചെലവഴിക്കുവാൻ സാധിക്കാതെ വരുന്നതിന്റെ സാഹചര്യം സംബന്ധിച്ചും, വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 26/30.07.2025), മേൽപ്പറഞ്ഞതു പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട്. കൂടാതെ, 2025-2026 സാമ്പത്തിക വർഷം 7,11,026/- വായ്പ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്നും മറുപടിയിൽ പറയുന്നു. വായ്പ തുക ചെലവഴിക്കാൻ സാധിക്കാതെ വരുന്നതുമൂലം വായ്പ തുകയ്ക്ക് ആനുപാതികമായി നിശ്ചയിക്കപ്പെട്ടിട്ടുള്ള പലിശ തുകയും ഈ കാലയളവിൽ നൽകേണ്ട സാഹചര്യം ഉണ്ടാകുന്നു. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതും, ഭവന നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് അനുസൃതമായ തുക മാത്രം അതത് സമയങ്ങളിൽ റികാസിഷൻ നടപടികൾ സ്വീകരിച്ച് അക്കൗണ്ടിൽ നിലനിർത്തേണ്ടതും ചെലവഴിക്കേണ്ടതുമാണ്. 2020 -ൽ ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഉൾപ്പെടെ ഗൃഹനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്ന വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കാലതാമസം കൂടാതെ, നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച്, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഗൃഹനിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട വാർഡ് മെമ്പർ ഉൾപ്പെടെയുള്ള ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. തുടർന്നും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത സാഹചര്യം നിലനിൽക്കുന്നെങ്കിൽ, ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ള തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## **1-46 നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല.**

ഓഡിറ്റ് വർഷം വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി, മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/ പ്രോജക്റ്റിന്റെ പേര് | S0164/25 വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | S0307/25 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 100000/ (ധനകാര്യകമ്മിഷൻ ഗ്രാന്റ്) 50000/- (തനതുഫണ്ട്) | 2606/-(പ്ലാൻ ജനറൽ) 10000/- (ധനകാര്യകമ്മിഷൻ ഗ്രാന്റ്) 1637394/- (തനതുഫണ്ട്) |

| | | |
|---|---|---|
| ചെലവ് | 100000/-(ബിൽ നം. -694/28.03.25)<br>42000/-(ബിൽ നം. -695/28.03.25) | 2606/- ബിൽ നം. -649/25.03.25<br>10000/- ബിൽ നം. -650/25.03.25<br>232058/-(132394/-ബിൽ നം. 651/25.03.25, 99664/-ബിൽ നം.690/27.03.25) |
| നിർവ്വഹണ ഏജൻസി | വാട്ടർ അതോറിറ്റി | KSEB |
| ആകെ തുക | 142000/- | 244664/- |

മേൽ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബിയുമായും വാട്ടർ അതോറിറ്റിയുമായും കരാറിലേർപ്പെട്ടിട്ടില്ല. പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകകളുടെ വിനിയോഗവിവരവും ലഭ്യമായിട്ടില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.41/01.08.2025) ലഭ്യമാക്കിയ മറുപടി പ്രകാരം S0307/25 പ്രോജക്ടിനായി ചെലവഴിച്ച 2,44,664/- രൂപയിൽ 145000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതായി അറിയിച്ചു. രണ്ട് പ്രോജക്ടുകളിലുമായി ശേഷിയ്ക്കുന്ന 241664/- (142000+244664=386664-145000=241664) രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ആയതുവരെ 2,41,664/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-47 ജൽജീവൻ മിഷൻ പദ്ധതി അവലോകനം

ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2024-ഓടെ ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കാനായി നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതി പ്രകാരം നിലവിൽ സംസ്ഥാനത്ത് ആകെ 26.84 ലക്ഷം ഗ്രാമീണ വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമായിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതി ദേശീയ തലത്തിൽ പ്രഖ്യാപിച്ച 2019 ഓഗസ്റ്റ് 15-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ആകെയുള്ള 70.69 ലക്ഷം ഗ്രാമീണ വീടുകളിൽ 16.64 ലക്ഷം വീടുകളിൽ മാത്രമാണ് കുടിവെള്ള കണക്ഷനുകൾ ഉണ്ടായിരുന്നത് (23.54 ശതമാനം). 01-01-2022 ലെ കണക്കനുസരിച്ച് 38% വീടുകൾക്ക് കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ്-പ്രളയകാല പ്രതിസന്ധികളെ അതിജീവിച്ച് സംസ്ഥാനത്ത് പദ്ധതിയിൽ ചിട്ടയായ വളർച്ചയും ഗതിവേഗവും ദൃശ്യമാകുന്നുണ്ട്.

2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് നമ്പർ 271/21 പ്രകാരം ജൽജീവൻ മിഷൻ പദ്ധതി നിർവ്വഹണത്തിനായി 2520000/-രൂപ വാട്ടർ അതോറിട്ടിയിൽ അടവാക്കിയിട്ടുണ്ട്. തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ ജല വിതരണം വാട്ടർ അതോറിറ്റി മുഖേന ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കി എല്ലാ പ്രദേശങ്ങളിലും ലഭ്യമാക്കുന്നുണ്ട്. കൂടാതെ ഘർ ഘർ ജൽ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. എം എൽ എ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ജൽജീവൻ മിഷനായി തുക അനുവദിച്ചിട്ടില്ല.

## 1-48 ആരോഗ്യ ഗ്രാന്റ് വിനിയോഗം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ആരോഗ്യ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. അവാർഡ് കാലയളവിലെ (2021-26) ആദ്യവർഷമായ 2021-22 ലെ ഗ്രാന്റ് വിനിയോഗിയ്ക്കുന്നതിനുള്ള കർമ്മപദ്ധതി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കുകയും കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം അനുവദിയ്ക്കുന്ന ആരോഗ്യഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയത്. അംഗീകാരം ലഭിച്ച കർമ്മപദ്ധതിയിലെ ചില പ്രവർത്തനങ്ങൾ എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ, കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്നിവ മുഖേന നടത്തുന്നു.

**സ.ഉ (സാധാ) നം. 2132/2022/LSGD; 31.08.2022** ഉത്തരവ് പ്രകാരം 2021-22 ലെ ആരോഗ്യ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ

അറിയിച്ചിട്ടുണ്ട്. **സ.ഉ.(സാധാ)നം. 1625/2023/LSGD, 09.08.2023** ഉത്തരവ് പ്രകാരം 2022-23 ലെ ആരോഗ്യ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശത്തിൽ ചുവടെ സൂചിപ്പിയ്ക്കുന്ന ആറ് സ്കീമുകൾ നടപ്പാക്കുന്നതിനാണ് ആരോഗ്യഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.
2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.
3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.
5. സ്കീം 5-നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

### ഗ്രാമപഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ

ഗ്രാമപഞ്ചായത്തിൽ ഒരു ഫാമിലി ഹെൽത്ത് സെന്ററും രണ്ട് സബ് സെന്ററുകളും (മെയിൻ സെന്റർ തിരുവാർപ്പ്, സബ്സെന്റർ കുമ്മനം, ചെങ്ങളം) ഒരു ആയുർവേദ ഡിസ്പെൻസറിയും, ഒരു ഹോമിയോ ഡിസ്പെൻസറിയുമാണുള്ളത്.

### ആരോഗ്യകേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ


തദ്ദേശ സ്വയംഭരണ (എഫ്.എം.)നം.3/138/2023, തീയതി 23.05.2023 സർക്കുലർ പ്രകാരം സ്ഥലമില്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അഞ്ച് സെന്റിൽ കുറയാതെയുള്ള സ്ഥലം തദ്ദേശ സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. വികസനഫണ്ട് (ജനറൽ), തനതുഫണ്ട് എന്നിവ ഉപയോഗിച്ച് സ്ഥലം വാങ്ങാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ സബ്സെന്ററുകൾ വെൽനെസ് സെന്ററുകളായി സജ്ജമാക്കിയിട്ടുണ്ട്. നിലവിലുള്ള 3 ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടമുണ്ട്.

### *തിരുവാർപ്പ്കുടുംബാരോഗ്യകേന്ദ്രംകെട്ടിടം -ശോച്യാവസ്ഥയിൽ*

തിരുവാർപ്പ് കുടുംബാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്നത് ഗ്രാമപഞ്ചായത്തിന്റെ കോമ്പൗണ്ടിലാണ്. പതിനെട്ട് വാർഡുകളുള്ള പഞ്ചായത്തിലെ ജനങ്ങളുടെ ഏക ആശ്രയമായ കുടുംബാരോഗ്യകേന്ദ്രം സ്ഥലപരിമിതി മൂലം വീർപ്പുമുട്ടുകയാണ്. പതിനഞ്ചാം ധനകാര്യ കമ്മിഷൻ തീരുമാന പ്രകാരമുള്ള ആരോഗ്യ ഗ്രാന്റ് സ്കീം 3, സ്കീം 4 എന്നിവ മാത്രമെ 2020-21 സാമ്പത്തിക വർഷം മുതൽ അനുവദിച്ചിട്ടുള്ളൂ. ആരോഗ്യകേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണത്തിനായി അനുവദിയ്ക്കുന്ന കെട്ടിടഫണ്ട് നാളിതു വരെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. കാലാകാലങ്ങളിൽ ചാർജ്ജുണ്ടായിരുന്ന മെഡിക്കൽ ഓഫിസർമാർ കെട്ടിടത്തിന്റെ ശോച്യാവസ്ഥയെക്കുറിച്ച് പഞ്ചായത്ത് അധികൃതരെ അറിയിച്ചിരുന്നതായിട്ടുള്ള രേഖകൾ ഓഡിറ്റിനു ലഭ്യമായിട്ടുണ്ട്. തിരുവാർപ്പ് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഭിത്തിയും കട്ടിളയും ഇടിഞ്ഞ് ജീവന് ഭീഷണിയാവുന്ന തരത്തിൽ അപകടാവസ്ഥയിലാണെന്നും ആയത് അടിയന്തിരമായി പരിഹരിക്കണമെന്നും അറിയിച്ചുകൊണ്ട് മെഡിക്കൽ ഓഫീസർ കമ്മിറ്റിക്ക് കത്ത് നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ അപകടാവസ്ഥ ഒഴിവാക്കുന്നതിന് എസ്റ്റിമേറ്റ് എടുക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. എസ്റ്റിമേറ്റിന്റ അടിസ്ഥാനത്തിൽ പുതിയ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതിനും തീരുമാനിച്ചു (28.5.2024 തീരുമാനം 8). സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന്റെ പൊതുവായ ഭൂപ്രകൃതി വെള്ളക്കെട്ടുള്ളതായതിനാൽ കെട്ടിടനിർമ്മാണത്തിനുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കഴിയാത്തതാണ് കാരണമെന്ന് കമ്മറ്റി അറിയിച്ചിരുന്നു. പഞ്ചായത്തിലെ ഗോഡൗൺ സ്ഥിതി ചെയ്യുന്ന സ്ഥലം ഐ.റ്റി.ഐ. കെട്ടിടം പ്രസ്തുത സ്ഥലത്തേയ്ക്ക് മാറ്റുന്നതിനാണ് കമ്മറ്റി തീരുമാനിച്ചത്. നിലവിലെ കെട്ടിടത്തിൽ കാലപ്പഴക്കം ചെന്ന വയറിംഗും, സെർവ്വർ സ്ഥാപിയ്ക്കുന്നതിനുള്ള അസൗകര്യവും നിലനിൽക്കുന്നതിനാൽ ആരോഗ്യമേഖലയിലെ അത്യാധുനിക **E-Health** സംവിധാനം

നാളിതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ഭൗതിക പരിശോധനയിൽ ഓഡിറ്റിനു ബോധ്യപ്പെട്ടു. സബ്സെന്ററർ കുമ്മനം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഒരു സ്വകാര്യ വ്യക്തി സൗജന്യമായി വിട്ടു കൊടുത്ത സ്ഥലം ആധാരമാക്കി പേരിൽ കൂട്ടുന്നതിനായി ബാദ്ധ്യതാ രഹിത സാക്ഷ്യപത്രം ലഭ്യമാക്കി ഉടൻ തന്നെ നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർക്ക് നൽകി തുടർനടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് പഞ്ചായത്ത് അധികൃതർ ഓഡിറ്റ് സമാപനയോഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.






**കമ്മറ്റിയുടെ ഇടപെടൽ**

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്. ആവശ്യകതയ്ക്കനുസരിച്ച് പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിന് ഇത് സഹായകമാകുന്നതാണ്. പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകുന്നതിൽ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നീ തലങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

സ്കീം-3 യിൽ ഉൾപ്പെടുത്തി വാങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ആരോഗ്യ കേന്ദ്രങ്ങളിൽ കൃത്യമായി പരപാലിക്കുന്നുണ്ട്. ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യ പ്രവർത്തകർ, ആശാവർക്കർമാർ എന്നിവർക്ക് സ്കീം-3 പ്രകാരം പരിശീലനം നൽകിയിട്ടില്ല. എല്ലാ സബ്സെന്ററുകളിലും ബോധവൽക്കരണ ക്ളാസുകൾ നടത്തുന്നുണ്ട്. ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാണ്. MLSP മാരുടെ സേവനം ലഭ്യമാണ്.

ഹെൽത്ത് ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കാനറാ ബാങ്ക്, വേളൂരിൽ മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

Support For Diagnostic Infrastructure എന്ന ഇനത്തിൽ നൽകിയ തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ സ്കീം-3 പ്രകാരം ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th rowspan="2">ഇനം</th><th colspan="3">വകയിരുത്തിയ തുക</th><th colspan="3">ചെലവഴിച്ച തുക</th></tr>
<tr><th>2022-23</th><th>2023-24</th><th>2024-25</th><th>2022-23</th><th>2023-24</th><th>2024-25</th></tr>
<tr><td>ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.</td><td>208161</td><td>436442</td><td>434740</td><td>181719</td><td>73565</td><td>431975</td></tr>
</table>

സ്കീം-4 പ്രകാരം Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ഈ

പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | വകയിരുത്തിയ തുക | | | ആകെ | ചെലവഴിച്ച തുക | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | | 2022-23 | 2023-24 | 2024-25 | |
| 1 | പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ. | 80000 | 980000 | 362845 | **1422845** | - | 238688 | 362845 | **601533** |

ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് സ്കീം 3,4, ഗ്രാന്റുകൾ ഉപയോഗപ്പെടുത്തി കൂടുതൽ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്. ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക സമയബന്ധിതമായി ഉപയോഗിക്കാത്തപക്ഷം ആയത് ലാപ്സാകുന്നതാണ്. മൂന്ന് സ്കീമുകളിലായി ആകെ **11.36** ലക്ഷം രൂപ നിലവിൽ അവശേഷിക്കുന്നുണ്ട്. ആയതിനാൽ തുടർന്നുള്ള വാർഷിക പദ്ധതിയിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം -ഈടാക്കൽ ഒടുക്ക് വിശദാംശങ്ങൾ

മെഡിസെപ് പ്രീമിയം - ഒടുക്ക് (റെഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർകസ് |
|---|---|---|---|---|
| 13 | 78000/- | 78000/- | - | - |

*01.4.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ).

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ) | | | |
| ബാധകമല്ല. | | | | | |

മെഡിസെപ്പ് പ്രീമിയം ഒടുക്ക് 01.07.2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ബാധകമല്ല. | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2/2025 | 1000 (കുടിശ്ശിക ഈടാക്കിയിട്ടില്ല) | 1000 | 0 | |

## 4-2 വാർഷികധനകാര്യപത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2024-25 | 22.05.2025 | 25.07.2025, 01.08.2025 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2024-25 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 7253742/- രൂപയും ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2267824/- രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിമയം വാർഷിക പദ്ധതി പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| തുക നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (പ്രോജക്ട് നം.) | ചെലവ് തുക | ബാക്കി തുക |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| കോട്ടയം ജില്ലാപഞ്ചായത്ത് | 300000/- | പാലിയേറ്റീവ് പരിചരണ പദ്ധതി (എസ്0063/25) | 300000/- | 0 |
| | 277747/- | അനുപൂരക പോഷകാഹാര വിതരണ പദ്ധതി (എസ്0002/25) | 277747/- | 0 |
| | 128450/- | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും ഉല്ലാസയാത്രയും (എസ്0004/25) | 128450/- | 0 |
| | 875000/- | ലൈഫ് ഭവന ഭവന പദ്ധതി ജനറൽ (എസ്0030/25) | 875000/- | 0 |
| | 30000/- | ലൈഫ് മിഷൻ ഭവന പദ്ധതി പട്ടികവർഗ്ഗ വിഭാഗം (എസ്0032/25) | 30000/- | 0 |
| | 115346/- | ലൈഫ് മിഷൻ ഭവന പദ്ധതി പട്ടികജാതി വിഭാഗം (എസ്0031/25) | 115346/- | 0 |
| | 50000/- | ടൂറിസം കാർണിവൽ (എസ്0093/25) | 50000/- | 0 |
| | 1197951/- | കടിയക്കോൽ മിഠാവലി പാടശേഖരത്തിലേക്കുള്ള തോട് നവീകരണവും കലുങ്ക് നിർമ്മാണവും (എസ്0199/25) | 1197951/- | 0 |
| | 329070/- | അനുപൂരക പോക്ഷകാഹാര വിതരണ പദ്ധതി (എസ്0206/25) | 329070/- | 0 |
| | 17968/- | വയോക്ലബ് പന്ത്രണ്ടിന പരിപാടി (എസ്0219/25) | 17968/- | 0 |
| | 262642/- | വനിതകൾക്ക് വെൽനെസ്സ് സെന്റർ (എസ്0220/25) | 262642/- | 0 |
| | 50571/- | ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ നൽകൽ (എസ്0228/25) | 50571/- | 0 |
| | 443317/- | കളത്തുമാലി പരവുതറ തൊട്ടുകര റോഡ് നിർമ്മാണം (എസ്0251/25) | 443317/- | 0 |
| | 2000000/- | ചേരിയിൽതാഴെ കൈതകം കാഞ്ഞൂപ്പറമ്പ് റോഡ് പുനരുദ്ധാരണം വാർഡ് 2 (എസ്0264/25) | 2000000/- | 0 |
| | 250000/- | വിവിധ വാർഡുകളിൽ ഓട്ടോമാറ്റിക് സെൻസർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (എസ്0295/25) | 250000/- | 0 |

| | | | | |
|---|---|---|---|---|
| | 491144/- | വിവിധ വാർഡുകളിൽ മിനി ഹൈമാസ്റ് ലൈറ്റ് സ്ഥാപിക്കൽ (എസ്0300/25) | 491144/- | 0 |
| | 434536/- | വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (എസ്0321/25) | 434536/- | 0 |
| | **7253742/-** | **ജില്ല പഞ്ചായത്ത് വിഹിതം** | **7253742/-** | **0** |
| ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | 197824/- | പാലിയേറ്റീവ് പരിചരണ പദ്ധതി പന്ത്രണ്ടിന പരിപാടി (എസ്0063/25) | 197824/- | 0 |
| | 600000/- | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും ഉല്ലാസയാത്രയും (എസ്0004/25) | 600000/- | 0 |
| | 940000/- | ലൈഫ് ഭവന ഭവന പദ്ധതി ജനറൽ (എസ്0030/25) | 940000/- | 0 |
| | 460000/- | ലൈഫ് മിഷൻ ഭവന പദ്ധതി പട്ടികജാതി വിഭാഗം (എസ്0031/25) | 460000/- | 0 |
| | 70000/- | ലൈഫ് മിഷൻ ഭവന പദ്ധതി പട്ടികവർഗ്ഗ വിഭാഗം (എസ്0032/25) | 70000/- | 0 |
| | **2267824/-** | **ആകെ ബ്ലോക്ക് വിഹിതം** | **2267824/-** | **0** |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| KSEB Ltd. | വിവിധ വാർഡുകളിൽ വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (എസ്0096/25) | 53266/- | 0 | 53266/- |
| KSEB Ltd. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (എസ്0307/25) | 244664/- | 145000 | 99664/- |
| KSEB Ltd. | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (തനത് ഫണ്ട്) വൗച്ചർ നം. 22400556 തീയതി 30/09/2024 | 6746/- | 0 | 6746/- |
| | | | | |

| | | | | |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ് ലൈൻ എക്സ്റ്റൻഷൻ (എസ്0164/25) | 142000/- | 0 | 142000/- |
| അനർട്ട് | അങ്കണവാടി കെട്ടിടങ്ങൾക്ക് സോളാർ പാനൽ സ്ഥാപിക്കൽ (എസ്0095/25) | 988627/- | 0 | 988627/- |
| അനർട്ട് | അങ്കണവാടി കെട്ടിടങ്ങൾക്ക് സോളാർ പാനൽ സ്ഥാപിക്കൽ (എസ്0293/25) | 660300/- | 0 | 660300/- |
| മൈനർ ഇറിഗേഷൻ | തെളിനീരൊഴുകും നവകേരളം – വിവിധ വാർഡുകളിലെ കുടിവെള്ള സ്രോതസ്സുകൾ തോടുകൾ ആഴം കൂട്ടി മാലിന്യ മുക്തമാക്കി നീരൊഴുക്ക് വർദ്ധിപ്പിക്കൽ (എസ്0152/25) | 1809000/- | 0 | 1809000/- |
| മൈനർ ഇറിഗേഷൻ | തെളിനീരൊഴുകും നവകേരളം – വിവിധ വാർഡുകളിലെ കുടിവെള്ള സ്രോതസ്സുകൾ തോടുകൾ ആഴം കൂട്ടി മാലിന്യ മുക്തമാക്കി നീരൊഴുക്ക് വർദ്ധിപ്പിക്കൽ- ഫേസ് 1 (എസ്0323/25) | 2973500/- | 0 | 2973500/- |
| **ആകെ നിക്ഷേപ പ്രവൃത്തിക്ക് നൽകിയത്** | | **6878103/-** | **145000** | **6733103/-** |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

2024-25 ധനകാര്യ പത്രിക പ്രകാരം തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന് KURDFC വായ്പ ബാധ്യത നിലനിൽക്കുന്നുണ്ട്. പഞ്ചായത്ത് ഫണ്ടിനുള്ള വായ്പ ബാധ്യതയുടെയും

തൻവർഷ തിരിച്ചടവിന്റെയും വിവരങ്ങൾ 2024-25 വായ്പ രജിസ്റ്റർ പ്രകാരമുള്ളത് താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | 01/04/2024 തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വായ്പ തുക | ആകെ വായ്പ | തൻവർഷം തിരിച്ചടവ് | | 31/03/2025 തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി KURDFC Loan | 2,00,27,355/- | 20,40,000 | 2,20,67,355 | 25,60,177 | - | 1,95,07,178/- |

പഞ്ചായത്തിന്റെ സർക്കാർ ഗ്രാന്റിൽ 2024-25 വർഷം സ്രോതസ്സിൽ കുറവ് ചെയ്താണ് വായ്പ തിരിച്ചടവ് നടത്തിയിട്ടുള്ളത്. വികസന ഫണ്ട്(ജനറൽ) അലോട്ട്മെന്റുകളിൽ നിന്ന് 25,18,448/- രൂപയും വികസന ഫണ്ട് (SCP) അലോട്ട്മെന്റുകളിൽ നിന്ന് 41729/- രൂപയും ഉൾപ്പടെ 25,60,177/- രൂപയാണ് തൻവർഷത്തെ വായ്പ തിരിച്ചടവ്. 22-03-2024 ലെ സ.ഉ.(സാധാ)നം.2858/2024/ധന പ്രകാരമുള്ള വികസന ഫണ്ട്(SCP) യിൽ നിന്ന് സ്രോതസ്സിൽ കുറവ് ചെയ്ത 71,184/- രൂപ എസ്0301/24 നം. പ്രോജക്ടായി വാർഷിക പദ്ധതിയിൽ ചേർത്തെങ്കിലും ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ 31-03-2024 ബാലൻസ് ഷീറ്റ് പ്രകാരമുള്ള വായ്പ ബാധ്യതയിൽ 71,184/- രൂപ കുറവു ചെയ്യാതെ നിലനിന്നിരുന്നു. അക്കൗണ്ടിങ്ങ് അപാകത 2024-25 വർഷം പരിഹരിച്ചിട്ടുണ്ട്.

## 4-7 സ്ഥിരനിക്ഷേപങ്ങൾ

നിക്ഷേപ സർട്ടിഫിക്കറ്റ്,രജിസ്റ്റർ എന്നിവ പരിശോധിച്ചത് പ്രകാരമുള്ള 2024-25 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 15000000/- |
| തൻവർഷം ലഭിച്ച പലിശ | - |
| ആകെ | 15000000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| 31/03/2025-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | **1,50,00,000/-** |

31.03.2025-തീയതിയിൽ പഞ്ചായത്ത് ഫണ്ടിൽ നീക്കിയിരിപ്പുള്ള **1,50,00,000/-** രൂപയുടെ സ്ഥിരനിക്ഷേപത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| നിക്ഷേപിച്ച ബാങ്ക് | തിരുവാർപ്പ് വില്ലേജ് സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം.88 |
|---|---|
| എഫ്. ഡി. അക്കൌണ്ട് നം.1 | 169/24-25 |
| എഫ്. ഡി. അക്കൗണ്ട് നം.2 | 170/24-25 |
| ആകെ | 1,00,00,000/- രൂപ |

| നിക്ഷേപിച്ച ബാങ്ക് | കേരള ബാങ്ക്, തിരുവാതുക്കൽ ബ്രാഞ്ച് |
|---|---|
| എഫ്. ഡി. അക്കൗണ്ട് നം.3 | 133518801200064 |
| ആകെ | 30,00,000/- രൂപ |

| | |
|---|---|
| നിക്ഷേപിച്ച ബാങ്ക് | കാനറ ബാങ്ക്, വേളൂർ ബ്രാഞ്ച് |
| എഫ്. ഡി. അക്കൗണ്ട് നം.4 | 140203570689/1 |
| ആകെ | 20,00,000/- രൂപ |

## 4-8 ഓഡിറ്റ് റിക്കവറി

2024-25 വർഷത്തെ ഓഡിറ്റ് റിക്കവറി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | അടവാക്കിയ തുക (രൂപ) | തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|---|
| 1. | 2022-23 | 3(1) | 67492/- | മുഹമ്മദ് അൽസിഫ് കെ എസ്, കരാറുകാരൻ | 1240101102/22.08.2025 |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഖണ്ഡികയുടെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5-1 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് ജലസ്രോതസ്സ് സംരക്ഷണവും കുടിവെള്ള പദ്ധതികളും | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-4 | 2016-17 | അനുബന്ധം 3 | വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണം ഇല്ല | " |
| 2014-15 | 2-5, 2-6, 2-7 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി സംബന്ധിച്ച് | " |
| 2015-16 | 2-3, 2-8, 2-9, | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | " |
| 2019-20 | 1-12 | 2021-22 | അനുബന്ധം 1 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി നിർണ്ണയം നടത്തുന്നത്. | " |

## 4-10 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഓഡിറ്റ് വർഷം ചാർജ്/സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്- മുന്നിരിപ്പ് ഉൾപ്പെടെ (റെസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 95333586/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റെസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 65991002/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 233357901/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 245028122/- |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | **83,74,983/-** |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 4782500/- | ശ്രീമതി രാജശ്രീ റ്റി. ആർ., സെക്രട്ടറി |
| 1-25 | 660300/- | ശ്രീമതി രാജശ്രീ റ്റി. ആർ., സെക്രട്ടറി |
| 1-26 | 15318/- | ശ്രീമതി രാജശ്രീ റ്റി. ആർ., സെക്രട്ടറി |
| 1-27 | 30000/- | ശ്രീ. മനു കെ. കെ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 256000/- | ശ്രീ. മാർട്ടിൻ ചാൾസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 94500/- | ശ്രീ. മനു കെ. കെ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 30123/- | ശ്രീമതി റെയ്ഹാനത്ത് ബീവി കെ.എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-32 | 100000/- | ശ്രീമതി ശ്രുതി ആർ., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-ഇൻ-ചാർജ്ജ് |
| 1-34 | 498259/- | ശ്രീമതി അഹാന മനോഹർ, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| | 699692/- | ശ്രീ.മാർട്ടിൻ ചാൾസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-37(1) | 497850 | ശ്രീമതി റെയ്ഹാനത്ത് ബീവി കെ.എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-37(2) | 23777/- | ശ്രീമതി റെയ്ഹാനത്ത് ബീവി കെ.എസ്., ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-38 | 100000/- | ശ്രീ.മനു കെ. കെ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-39 | 270000/- | ശ്രീ.പ്രഫുല്ല ദിനേശ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-40 | 25000/- | ശ്രീ. മനു കെ. കെ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-42 | 50000/- | ശ്രീ.മനു കെ. കെ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-46 | 241664/- | ശ്രീമതി രാജശ്രീ റ്റി. ആർ., സെക്രട്ടറി |
| **ആകെ** | **83,74,983/-** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## <u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് 31-10-2025 വരെ പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/ റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2010-11 & 2011-12 | കെ.എസ്.എ.കെ.ടി.എം.പി9/ അദാ-2022/1867(13)/2022/26-08-2022 | 2 |
| 2012-13 | കെ.എസ്.എ.- കെ.ടി.എം.പി9/ അദാ-2022/1867(15)/2022/26-08-2022 | 2 |
| 2013-14 | കെ.എസ്.എ.- കെ.ടി.എം.പി9/ അദാ-2022/1867(16)/2022/26-08-2022 | 5 |
| | | |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി9/ അദാ-2022/1867(17)/2022/26-08-2022 | 6 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി9/ അദാ-2022/1867(18)/2022/26-08-2022 | 4 |
| 2016-17 | കെ.എസ്.എ.കെ.ടി.എം.പി9-865/2022/16-06-2022 | 9 |
| 2017-18 | കെ.എസ്.എ.കെ.ടി.എം.പി9-864/2022/16-06-2022 | 7 |
| 2018-19 | കെ.എസ്.എ.കെ.ടി.എം.പി9-929/2022/16-06-2022 | 14 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി9-291/2022/02-06-2022 | 13 |
| 2020-21 | കെ.എസ്.എ.കെ.ടി.എം.പി9-1360/2022/26-10-2022 | 8 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി9-93/2023/03-06-2023 | 10 |
| 2022-23 | കെ.എസ്.എ.കെ.ടി.എം.പി9-1663/2023/23-03-2024 | 20 |
| 2023-24 | കെ.എസ്.എ.കെ.ടി.എം.പി9-1872/2024/27-02-2025 | 24 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡികകൾ തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 14-05-2025 and submitted on 22-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Thiruvarppu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Thiruvarppu Grama Panchayat as on 31-03-2025

**Date: 10/10/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Thiruvarppu Grama Panchayat for the Year 2024-2025.**

**1.Major Observations**

1.General Fund Details not maintained. Source Data not available for the value of total general fund as on 31/03/2025.

2.Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contribution of current year are not available.

3.Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated.

**2.Other Observations**

1.All expenditures due upto 31-03-2025 has not accounted as payable during the financial year.

Deputy Director
Districe Audit Office Kottayam
Kerala State Audit Department

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്